Volume: 35, Issue: 3 March, 2025
Price Rs. 25/-
Annual Subscription Rs.250

# സെയിൽസ് ടാക്സ് വോയ്സ്

# SALES TAX VOICE

Malayalam Monthly



DEV ICECREAM®

Dev

I melt with you...

# അലിഞ്ഞു ചേരുന്നു
# നാവിലും
# മനസ്സിലും



പുസ്തകം – 35
ലക്കം – 3
മാർച്ച് – 2025
വാർഷികവരിസംഖ്യ : 250 രൂ.
ഒറ്റപ്രതി : 25 രൂ.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്
ബിൽഡിംഗ് നമ്പർ VIII / 342
ശ്രീകോവിൽ, പട്ടിത്താനം
ഏറ്റുമാനൂർ – 686 631
Mob: 8281658923, Ph: 0481-2530668
E-mail: vtaxvoice@gmail.com
Web: www.salestaxvoice.com

വടക്കൻ സോണൽ ഓഫീസ്
കാണക്കാരി
കോട്ടയം – 686 632
Mob: 9048530668

തെക്കൻ സോണൽ ഓഫീസ്
ശ്രീകണ്ഠേശ്വരം
തിരുവനന്തപുരം – 23
ഫോൺ : 0471–4060668
E-mail: vtaxvoicetvm@gmail.com

മാനേജർ :
ഡി. ജോൺതരകൻ
ഫോൺ : 9847073538

ചീഫ് എഡിറ്റർ :
പി.പുരുഷോത്തമൻ
ഫോൺ : 9847176589

അസ്സോസിയേറ്റ് എഡിറ്റേഴ്സ് :
1. അനിൽഗോപിനാഥ്
ഫോൺ: 9447367201
(ജോയിന്റ് കമ്മീഷണർ, GST Dept.)
2. സി.എൻ വിശ്വമോഹനൻ നായർ
ഫോൺ: 9495326161
(റിട്ട. സെയിൽസ് ടാക്സ് ഓഫീസർ)

എക്സിക്യൂട്ടീവ് എഡിറ്റേഴ്സ് :
1. ജോർജ്ജ് വർഗ്ഗീസ്
(റിട്ട. സീനിയർ കൊമേഴ്സ്യൽ ടാക്സസ് ഓഫീസർ)
2. ആന്റണിജോസഫ്
ഫോൺ: 9946042504
(റിട്ട. സെയിൽസ് ടാക്സ് ഓഫീസർ)

എഡിറ്റേഴ്സ് :
ഷിജു പുരുഷോത്തമൻ
(ഡെപ്യൂട്ടി കമ്മീഷണർ, GST Dept)
കെ. രാജേന്ദ്ര
(അസി. കമ്മീഷണർ)
അനിയൻ അവർമ്മ
(സ്റ്റേറ്റ്ടാക്സസ് ഓഫീസർ)
സി.വി. ജോസ്
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
എം. കുഞ്ഞിരാമൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ. ദേവരാജൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ. രാജേന്ദ്രൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ. പുഷ്പാംഗദൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
വി.കെ. രമേശൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
വി. ഷാജി
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ.പി. രഞ്ചൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)

സെയിൽസ് ടാക്സ്
വോയ്സ്

# ജി.എസ്.ടി വകുപ്പിൽ സ്ഥലംമാറ്റത്തിന് പുതുനയം

## കഴിവും അറിവും അടിസ്ഥാനം

ജി.എസ്.ടി വകുപ്പിൽ പൊതു സ്ഥലംമാറ്റത്തിന് പുതിയനയം ഒരുങ്ങുന്നു. സ്ഥലംമാറ്റം സ്പാർക്ക് അധിഷ്ഠിത ഓൺലൈനിലൂടെ മാർച്ച് 31നകം നടപ്പാക്കണമെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. ഉത്തരവിന് വിരുദ്ധമായാണ് പുതിയമാനദണ്ഡങ്ങൾ.

ഓരോവിഭാഗം ഉദ്യോഗസ്ഥർക്കും പ്രത്യേകപരിജ്ഞാനവും നൈപുണിയും വേണമെന്നും ഇതിന്റെ അടിസ്ഥാനത്തിലേ സ്ഥലംമാറ്റം നടപ്പാക്കാനാകൂ എന്നുമാണ് വകുപ്പധികൃതരുടെ നിലപാട്. ഔദ്യോഗികമായി തീരുമാനമെടുത്തിട്ടില്ലെങ്കിലും മാനദണ്ഡങ്ങളുടെ കരട് വകുപ്പിലെ വിവിധ സംഘടനാഭാരവാഹികൾക്കിടയിൽ പ്രചരിക്കുന്നുണ്ട്. ഇൻറലിജൻസ്, എൻഫോഴ്സ്മെന്റ് പോലുള്ള സുപ്രധാന തസ്തികകളെ സെൻസിറ്റീവ് തസ്തികകളായും മറ്റുള്ളവയെ നോൺ സെൻസിറ്റീവായും കണക്കാക്കിയാണ് പുതിയനയം.

### പ്രധാനശുപാർശകൾ

- സെൻസിറ്റീവ് സീറ്റുകളിലെ നിയമനങ്ങൾ ഭരണപരമായ കാര്യക്ഷമത, അല്ലെങ്കിൽ ഭരണപരമായ സൗകര്യം എന്നിവ പരിഗണിച്ചാവണം. സെൻസിറ്റീവ് സീറ്റിൽ അവകാശവാദം ഉന്നയിക്കാൻ പാടില്ല
- സ്പെഷ്യൽ കമ്മിഷണർമാർ/ അഡീഷണൽ കമ്മിഷണർമാർ (കമ്മിഷണർ തിരഞ്ഞെടുക്കുന്നത്), ഡെപ്യൂട്ടി കമ്മിഷണർ (പേഴ്സണൽ) എന്നിവരടങ്ങുന്ന മൂന്നംഗ പ്ലേസ്മെന്റ് കമ്മിറ്റി, എഎസ്ടിഒ/ഡിഎസ്ടിഒ റാങ്കുവരെയുള്ള സെൻസിറ്റീവ് സീറ്റുകളിലേക്ക് നിയമനം നടത്താൻ കമ്മിഷണറെ സഹായിക്കും
- സെൻസിറ്റീവ് സ്ഥാനങ്ങളിൽ തുടർച്ചയായ കാലാവധി അഞ്ചു വർഷമായി പരിമിതപ്പെടുത്തും
- എഎസ്ടിഒ/ഡിഎസ്ടിഒ റാങ്കുവരെയുള്ള സെൻസിറ്റീവ് അല്ലാത്ത സീറ്റുകളിലേക്കുള്ള പോസ്റ്റിങ് കമ്മിഷണറോ സർക്കാരോ നടത്തും
- ഈ തസ്തികകളിലേക്ക് ഓൺലൈൻ സ്ഥലംമാറ്റം അല്ലെങ്കിൽ കംപ്യൂട്ടർ സഹായത്തോടെയുള്ള സ്ഥലംമാറ്റം നടപ്പാക്കില്ല. സെൻസിറ്റീവ് അല്ലാത്ത സീറ്റുകളിലേക്കുള്ള സ്ഥലംമാറ്റം 2017ലെ ഉത്തരവുപ്രകാരം പൊതുഭരണവകുപ്പ് മുന്നോട്ടുവെച്ച മാർഗനിർദേശങ്ങൾക്കനുസരിച്ച് നടത്തണം.



### എതിർപ്പുമായി ഒരു വിഭാഗം

സെൻസിറ്റീവ് തസ്തികകളിൽ ഒരു ഉദ്യോഗസ്ഥന്റെ നൈപുണിയും പരിജ്ഞാനവും എങ്ങിനെ കണ ക്കാക്കുമെന്ന് ഒരുവിഭാഗം ജീവനക്കാർ ചോദിക്കുന്നു. മേലധികാരികളുടെ താത്പര്യത്തിനനുസരിച്ചുള്ള സ്ഥലംമാറ്റമായിരിക്കും ഫലത്തിൽ സംഭവിക്കുകയെന്ന് വകുപ്പിലെ വിവിധ സംഘടനാ ഭാരവാഹികൾ അഭിപ്രായപ്പെടുന്നു.




## 1. ഞാൻ വിദേശയൂണിവേഴ്സിറ്റികളുടെ ഒരു പ്രതിനിധിയാണ്. അവിടെ നടത്തുന്ന എന്റെ സേവനത്തിന് വിദേശനാണയത്തിലാണ് പ്രതിഫലം നൽകുന്നത്. ജിഎസ്ടി നിയമപ്രകാരം നികുതി ഒഴിവ് ലഭിക്കാൻ എനിക്ക് അർഹതയുണ്ടോ?

**Q** *:ഞാൻ വിദ്യാർത്ഥികൾക്ക് വിദേശത്തുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടുന്നതിന് സഹായിക്കുന്ന സേവനം നടത്തിവരുന്നു. പ്രസ്തുത വിദേശ യൂണിവേഴ്സിറ്റികൾ ഇക്കാര്യത്തിൽ എന്നെ അവരുടെ പ്രതിനിധിയായി അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെ വിദ്യാർത്ഥികളെ പ്രസ്തുത യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്നതിന് സഹായിക്കുന്നതിന് വിദേശ യൂണിവേഴ്സിറ്റികളിൽ നിന്ന് എനിക്ക് പ്രതിഫലം ലഭിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വിദേശ യൂണിവേഴ്സിറ്റിക്ക് അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അംഗീകാരം ലഭിച്ചിട്ടുണ്ട് കൂടാതെ അവ അസോസിയേഷൻ ഓഫ് കോമൺവെൽത്ത് യൂണിവേഴ്സിറ്റീസിന്റെ അംഗങ്ങളും ആണ്. എന്റെ സേവനത്തിന് വിദേശ യൂണിവേഴ്സിറ്റികൾ വിദേശനാണ്യത്തിലാണ് പ്രതിഫലം നൽകുന്നത്. ഇങ്ങനെ ലഭിക്കുന്ന പ്രതിഫലത്തിന് ജി.എസ്.ടി നിയമപ്രകാരം നികുതിയൊഴിവ് ലഭിക്കാൻ എനിക്ക് അർഹതയുണ്ടോ?*

**(കെ.വിശ്വം, ചേർത്തല)**

**A** **:** ഒരു പാഠ്യപദ്ധതിയുടെ ഭാഗമായി നിലവിലുള്ള നിയമപ്രകാരം അംഗീകരിക്കപ്പെട്ട ഒരു യോഗ്യത നേടുന്നതിന് വേണ്ടി ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം നേടുന്നതിനായി ചെയ്യുന്നതിനായി ചെയ്യുന്ന സേവനങ്ങൾ ജി.എസ്.ടി നിയമപ്രകാരം നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. അതിനാൽ താങ്കൾ പ്രതിനിധീകരിക്കുന്ന വിദേശ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾ നിലവിലുള്ള ഇന്ത്യൻ നിയമപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും യോഗ്യത നേടുന്നതിന് വേണ്ടിയുള്ള പാഠ്യപദ്ധതി പ്രകാരം നടത്തുന്നവയാണോ എന്നതാണ് കാതലായ കാര്യം. 'Qualification recognized by any law for the time being in force' എന്ന പദത്തിന് ജി.എസ്.ടി നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാനത്തിൽ നിർവചനം ഒന്നും നൽകിയിട്ടില്ല. എങ്കിലും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ നിന്ന് വ്യക്തമാകുന്നത് കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയും നിയമപ്രകാരം അംഗീകരിക്കപ്പെട്ട ഏതെങ്കിലും പാഠ്യപദ്ധതി പ്രകാരമുള്ള യോഗ്യത നേടുന്നതിന് വേണ്ടിയുള്ള വിദ്യാഭ്യാസം ആയിരിക്കണം. വിദേശ യൂണിവേഴ്സിറ്റികൾ അവരുടെ പാഠ്യപദ്ധതി പ്രകാരം നൽകുന്ന യോഗ്യത ഇന്ത്യൻ നിയമപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളവയല്ല. അസോസിയേഷൻ ഓഫ് ഇന്ത്യൻ

യൂണിവേഴ്സിറ്റിസിന്റെ അംഗീകാരം നേടിയിട്ടുണ്ടെന്നതോ അസോസിയേഷൻ ഓഫ് കോമൺവെൽത്ത് യൂണിവേഴ്സിറ്റിസിന്റെ അംഗമാണെന്നതോ കൊണ്ട് മാത്രം പ്രസ്തുത യൂണിവേഴ്സിറ്റികൾ നൽകുന്ന യോഗ്യത ഇന്ത്യൻ നിയമപ്രകാരം അംഗീകരിക്കപ്പെട്ട പാഠ്യപദ്ധതി പ്രകാരം നൽകുന്ന യോഗ്യതയായി കണക്കാക്കപ്പെടുകയില്ല. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിന് നിയമപരമായ ഒരു അധികാരവുമില്ല. അതിനാൽ തന്നെ ആ സ്ഥാപനം നൽകുന്ന അംഗീകാരത്തിന് ഇന്ത്യൻ നിയമപ്രകാരം അംഗീകരിക്കപ്പെട്ട ഒരു പാഠ്യപദ്ധതിയുടെ വിലയുണ്ടാകില്ല. അതിനാൽ തന്നെ അത്തരം വിദേശ യൂണിവേഴ്സിറ്റികളുടെ കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് വേണ്ടി വിദ്യാർത്ഥികൾക്ക് താങ്കൾ നൽകുന്ന സേവനങ്ങൾക്ക് പ്രസ്തുത യൂണിവേഴ്സിറ്റികൾ താങ്കൾക്കു നൽകുന്ന പ്രതിഫലത്തിന് ജി.എസ്.ടി നിയമപ്രകാരമുള്ള ഒഴിവ് ലഭിക്കാൻ അർഹത ഉണ്ടാവില്ല.

* * * * * * * * * * * * * * * *

## 2. ചരക്കുകൾ സംസ്ഥാനത്തിന് അകത്തും പുറത്തും വില്പനനടത്തുന്നു. ചില ഓർഡർ ഒരാളിൽ നിന്നും ലഭിക്കുകയും മറ്റൊരാൾക്ക് സപ്ലൈ നൽകേണ്ടി വരികയും ചെയ്യുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ 'Place of Supply' ഏതടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടത്?

**Q** : *ഞാൻ ജി.എസ്.ടി നിയമപ്രകാരം രജിസ്ട്രേഷനുള്ള ഒരു വ്യക്തിയാണ്. ചരക്കുകൾ സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തും വില്പന നടത്തുന്നുണ്ട് സംസ്ഥാനത്തിന് പുറത്ത് ഇതുവരെയും രജിസ്ട്രേഷനുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് വിൽപ്പന നടത്തിവന്നിരുന്നത്. എന്നാൽ ഇപ്പോൾ രജിസ്ട്രേഷനില്ലാത്ത വ്യക്തികളിൽ നിന്നും പർച്ചേസ് ഓർഡർ ലഭിക്കുന്നുണ്ട്. ചിലതിൽ പർച്ചേസ് ഓർഡർ ഒരാളിൽ നിന്നും ലഭിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ചരക്കു മറ്റൊരാക്ക് നൽകുകയാണ് വേണ്ടി വരിക. ഇങ്ങ നെയുള്ള സാഹചര്യത്തിൽ പ്ലെയ്സ് ഓഫ് സപ്ലൈ ഏതടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടത്.?*

**(കെ. സിബി, കുമരകം)**

**A** : ഐ.ജി.എസ്.ടി നിയമത്തിൽ 2023 ൽ വരുത്തിയ ഭേദഗതി പ്രകാരം രജിസ്ട്രേഷനുള്ള ഒരു വ്യക്തിക്കല്ലാതെ ചരക്കുസപ്ലൈ ചെയ്യുന്ന പക്ഷം ഇൻവോയ്സിൽ ചരക്കുസ്വീകരിക്കുന്നയാളുടെ വിലാസം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതായിരിക്കും "Place of supply" ആയി കണക്കാക്കുക. എന്നാൽ ഇൻവോയ്സിൽ വിലാസമൊന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ചരക്കു സപ്ലൈ ചെയ്യുന്നയാളുടെ സ്ഥലമായിരിക്കും Place of supply. ഇൻവോയ്സിൽ ചരക്കുസ്വീകരിക്കുന്നയാളുടെ പൂർണമായ വിലാസത്തിന് പകരം അയാളുടെ സംസ്ഥാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ അതായിരിക്കും Place of supply ആയി കണക്കാക്കുക.

ഉദാ: (1) കേരളത്തിൽ നിന്ന് കോയമ്പത്തൂരിലുള്ള ഒരാൾക്ക് ചരക്കു വില്ക്കുകയും അയാളുടെ പൂർണമായ കോയമ്പത്തൂർ വിലാസം ഇൻവോയ്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ കോയമ്പത്തൂരായിരിക്കും Place of supply.

(2) ഇൻവോയ്സിൽ ചരക്കുവാങ്ങുന്നയാളിന്റെ പേരും തമിഴ്നാട് എന്നും മാത്രം

(3) എന്നാൽ ചരക്കുവാങ്ങുന്നയാളുടെ പേരു മാത്രമേ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂവെങ്കിൽ ചരക്കു വിൽക്കുന്നയാളുടെ (താങ്കളുടെ കാര്യത്തിൽ കേരളം, വ്യാപാരസ്ഥലം എവിടെയാണോ അതായിരിക്കും Place of supply)

കേരളത്തിലുള്ള താങ്കൾക്ക് ചെന്നൈയിൽ നിന്ന് ലഭിക്കുന്ന ഒരു പർച്ചേസ് ഓർഡറിന്റെയടിസ്ഥാനത്തിൽ മംഗലാപുരത്തുള്ള ഒരാൾക്ക് ചരക്ക് സപ്ലൈ ചെയ്യുകയാണെങ്കിൽ ചരക്കു സ്വീകരിക്കുന്നയാളുടെ സ്ഥമായ മംഗലാപുരമായിരിക്കും 'Place of supply' ആയി കണക്കാക്കേണ്ടത്.

* * * * * * * * * * * * * * * *

## 3. അസുഖമായി 8 മാസത്തോളം കിടപ്പിലായതിനാൽ വ്യാപാരം നിന്നുപോയി. ഓഫീസിൽ അന്വേഷിച്ചപ്പോൾ 6 മാസം തുടർച്ചയായി റിട്ടേൺ ഫയൽ ചെയ്തില്ലെങ്കിൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുമെന്നും അതിന് പ്രത്യേക അറിയിപ്പ് വേണ്ടെന്നും പറയുന്നു. ഇത് ന്യായമാണോ?

**Q** : *ഞാൻ ജി.എസ്.ടി നിയമപ്രകാരം വ്യാപാരം തുടങ്ങുന്നതിനായി രജിസ്ട്രേഷനെടുത്തു. ഒരു വർഷം കൃത്യമായി റിട്ടേണുകൾ നൽകുകയും നികുതി അടയ്ക്കുകയും ചെയ്തു വന്നു. അതിന് ശേഷം അസുഖം മൂലം കിടപ്പിലായതിനാൽ എനിക്ക് വ്യാപാരം ചെയ്യാനായില്ല. ചികിത്സ ഏതാണ്ട് എട്ടു മാസ*

(ശേഷം 19-ാം പേജിൽ)


ManuMax
PREMIUM
SOFT CLOSE
TOILET SEAT & COVER
ManuMax
ENTERPRISES
Kothanalloor P.O, Kottayam, Kerala, INDIA.
Tel: 9961438773, Mob: 9747236333
headoffice@manumax.net
www.manumax.net



# അന്തർസംസ്ഥാന വ്യാപാരത്തിൽ നിന്നു കേരളത്തിന് കിട്ടേണ്ടനികുതി കിട്ടുന്നുണ്ടോ? ഇല്ലെങ്കിൽ അതെവിടെ പോകുന്നു?

(മുൻ ലക്കം തുടർച്ച....)




**എബ്രഹാം റെൻ എസ്.**
(സ്പെഷ്യൽ കമ്മീഷണർ)


**നി**യമത്തിലെ ഈ പഴുത് ജി.എസ്.ടി നിയമത്തിന്റെ ആധാര ശിലയായ ഡെസ്റ്റിനേഷൻ പ്രിൻസിപ്പിളിനെത്ത ന്നെ നോക്കുകുത്തിയാക്കുന്ന വിചിത്രമായ സാഹചര്യ ങ്ങൾക്ക് വഴിയൊരുക്കുന്നു എന്ന് നമ്മുടെ ഐ.ജി.എസ്.ടി ടാസ്ക്ഫോഴ്സ് കണ്ടെത്തി. ഉദാഹരണത്തിന്, കേരളത്തിലെ ഒരു തീയറ്ററിൽ സിനിമ കാണാൻ ഒരു വെബ്സൈറ്റിലൂടെ ഒരു ടിക്കറ്റ് എടുത്തു എന്ന് കരുതുക.

ഈ ബുക്കിംഗ് വെബ്സൈറ്റ് ടിക്കറ്റ് ബുക്ക് ചെയ്യുന്ന വ്യക്തിയുടെ അഡ്രസ് വാങ്ങാതിരുന്നാൽ ഈ വെബ്സൈറ്റ് ഈടാക്കുന്ന ടിക്കറ്റ് വിലയിൽ ഉപരിയായുള്ള പ്ലാറ്റ്ഫോം ചാർജിന്റെ നികുതി, വെബ്സൈറ്റ് നടത്തുന്ന കമ്പനിയുടെ ഓഫീസ് എവിടെയാണോ ഉള്ളത് ആ സംസ്ഥാനത്തിന് ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കിയിരുന്നു. അതായത് ഈ കമ്പനി ഇന്ത്യയിൽ എവിടെ സേവനം നൽകിയാലും, അവരുടെ ഫീസിന്റെ നികുതി പൂർണമായും ഹെഡ് ഓഫീസ് ഇരിക്കുന്ന സംസ്ഥാനത്തിന് മാത്രം ലഭിക്കും!

ജി.എസ്.ടിയിൽ നിന്ന് വരുമാന വളർച്ച പ്രതീക്ഷിച്ചുകൊണ്ട് കടന്നുവന്ന സംസ്ഥാനങ്ങൾക്ക് നിയമത്തിലെ ഇത്തരം സാഹചര്യങ്ങൾ കടുത്ത ബുദ്ധിമുട്ടാണ് ഉണ്ടാക്കിയിരുന്നത്. ഇത് ജി.എസ്.ടി കൗൺസിലിൽ കേരളം ചർച്ചാവിഷയമാക്കി. തദ്ഫലമായി ജിഎസ്ടി കൗൺസിൽ ബില്ല് നൽകുന്നതിനെ സംബന്ധിച്ച ചട്ടങ്ങളിൽ മാറ്റം വരുത്തുകയും, നിർബന്ധമായും സേവനം വാങ്ങുന്ന ആളുടെ സംസ്ഥാനം ബില്ലിൽ ഉൾപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. ഇതിന്റെ തുടർച്ചയായാണ് മേൽപ്പറഞ്ഞ സർക്കുലർ ഇറങ്ങിയിരിക്കുന്നത്. ഈ സർക്കുലറിലൂടെ ഓൺലൈൻ സേവനങ്ങൾക്ക് ഇനിമുതൽ കസ്റ്റമറുടെ അഡ്രസ്സ് നിർബന്ധമായും ഉണ്ടാകണമെന്നു അനുശാസിക്കുകയും അതിലൂടെ കസ്റ്റമറുടെ സംസ്ഥാനത്തേക്ക് നികുതി ലഭിക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഇ-പത്രങ്ങളുടെയും ഇ-മാഗസിനുകളുടെയും സബ്സ്ക്രിപ്ഷൻ, വിനോദ സേവനങ്ങളുടെ ഓൺലൈൻ സബ്സ്ക്രിപ്ഷൻ (ഉദാ. OTT പ്ലാറ്റ്ഫോമുകൾ), ഓൺലൈൻ ടെലികോം സേവനങ്ങൾ, മൊബൈൽ ആപ്ലിക്കേഷനുകൾ വഴിയുള്ള ഡിജിറ്റൽ സേവനങ്ങൾ തുടങ്ങിയവയുടെ നികുതി കൂടുതൽ കൃത്യമായി നമുക്ക് ലഭിക്കാൻ ഇതിലൂടെ വഴിയൊരുങ്ങും.

IGST നിയമത്തിലെ ഇത്തരം വിഷയങ്ങൾ ജി.എസ്.ടി കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇക്കാര്യത്തിൽ പരിഷ്കാരങ്ങൾ ആവശ്യമാണെന്ന കാര്യത്തിൽ അഭിപ്രായഐക്യം കൊണ്ടുവരുന്നതിനും കേരളത്തിന് സാധിച്ചിട്ടുണ്ടെന്നു മാത്രമല്ല, ഇക്കാര്യത്തിൽ ഇന്ന് നേതൃപരമായ പങ്കു വഹിക്കുന്നതും കേരളമാണ്. തിരിഞ്ഞു നോക്കുമ്പോൾ ജി.എസ്.ടി വന്നിട്ട് ഏതാണ്ട് ഏഴര വർഷമാവുന്ന ഈ അവസരത്തിൽ ഒന്നാം തലമുറ ഐ.ജി.എസ്.ടി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന്റെ അവസാന ഘട്ടത്തിലേക്ക് നമ്മൾ നീങ്ങുന്നു എന്ന് കാണാം. ഇതോടുകൂടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു എന്ന് പറയാൻ കഴിയില്ല. കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തി ഡാറ്റാ അനലിറ്റിക്സ് വിഭാഗം ഗവേഷണം തുടരുകയാണ്. ഇനിയും ശ്രദ്ധയിൽ വന്നിട്ടില്ലാത്ത, പരിഷ്കാരങ്ങൾ ആവശ്യമുള്ള പല മേഖലകളിലേക്കും കടന്നുചെല്ലാൻ ഡാറ്റാ അനലിറ്റിക്സ് വിഭാഗം ശക്തമാവേണ്ടതിന്റെ പ്രാധാന്യവുമിതാണ്.●

## സംസ്ഥാന ബജറ്റിന്റെ പശ്ചാത്തലത്തിൽ ഒരന്വേഷണം

# കേന്ദ്രബജറ്റ് ഫെഡറൽ താല്പര്യങ്ങളെ അവഗണിച്ചോ....?

(മുൻലക്കം തുടർച്ച .........)






**ഡോ.എൻ.ജയരാജ്, എം.എൽ.എ**
(ഗവ.ചീഫ് വിപ്പ്)

## പുതുക്കിയ ബജറ്റിൽ മൂലധനച്ചെലവിൽ കേന്ദ്രം 53,503 കോടി വെട്ടിക്കുറച്ചു

ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള മൂലധന ച്ചെലവിന് കൂടുതൽ ഊന്നൽ നൽകുന്ന പ്രവണത കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിക്കേണ്ടതുണ്ട്. 2025-26 ലെ കേന്ദ്ര ബജറ്റ് 11.2 ലക്ഷം കോടി രൂപ യാണ് ഈ ഇനത്തിൽ കേന്ദ്രസർക്കാർ മാറ്റിവച്ചത്. ഇത് നടപ്പു സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 1 ലക്ഷം കോടി രൂപകൂടുതലാണ്. എന്നാൽ 2024-25 ലെ ബജറ്റിൽ പ്രഖ്യാപിച്ച തുകയേ ക്കാൾ 53503 കോടിരൂപയുടെ കുറവാണ് പുതുക്കിയ ബജറ്റിലെത്തിയപ്പോൾ ഉണ്ടായത്. സംസ്ഥാനങ്ങൾക്ക് 2020-21 മുതൽ തുടരുന്ന പലിശ രഹിത വായ്പയ്ക്കാ യി ഈ വർഷവും 1.5 ലക്ഷം കോടി രൂപ നീക്കിവച്ചി ട്ടുണ്ട്. പക്ഷെ കേരളത്തിന് ഇതിന്റെ പ്രയോജനം ലഭി ക്കണമെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവു ണ്ടാകണം.

2025-26 ലെ കേരള ബജറ്റ് 19,106 കോടി രൂപ യാണ് മൂലധന ചെലവുകൾക്കായി മാറ്റിവച്ചിരിക്കു ന്നത്. ഇത് മൊത്തം റവന്യൂ ചെലവിന്റെ 10.64 ശതമാ നമാണ്. 2024-25 ലെ പുതുക്കിയ ബജറ്റിൽ നീക്കിവച്ച 16,646 കോടിരൂപ, നടപ്പ് വർഷത്തെ മൊത്തം ചെലവി ന്റെ 10.26 ശതമാനം വരും. ചുരുക്കിപ്പറഞ്ഞാൽ കേരള ത്തിന്റെ മൂലധനച്ചെലവ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി മൊത്തം ചെലവിന്റെ 10 ശതമാനത്തിൽ ചുറ്റിപ്പറ്റിയാണ് നിൽക്കുന്നത്. ഇക്കാലയളവിൽ രാജ്യത്തെ ആകെ സംസ്ഥാനങ്ങളുടെ ശരാശരി മൂലധന ചെലവ് മൊത്തം ചെലവിന്റെ 16 ശതമാനമാണെന്നാണ് ആർ.ബി.ഐ കണക്കാക്കുന്നത്. കേരളത്തിന്റെ മൂലധന ചെലവ് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന കിഫ്ബിയെ തകർക്കുവാനുള്ള കേന്ദ്ര ശ്രമം ഇപ്പോഴും തുടരുകയാണ്. കിഫ്ബിയുടെ മുൻകാല ബാദ്ധ്യതകൾ കേരളത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയതി നാൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ വേഗത കുറഞ്ഞു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ :

### കോർ വിഹിതത്തിൽ 1.2 ലക്ഷം കോടി രൂപയുടെ വർദ്ധനവ് സംസ്ഥാനം അധികവിഭവം കണ്ടെത്തണം

2024-25 ലെ പുതുക്കിയ ബജറ്റിൽ കേന്ദ്രാവി ഷ്കൃത പദ്ധതികളുടെ വിഹിതം എസ്റ്റിമേറ്റുമായി താര തമ്യം ചെയ്യുമ്പോൾ 96622 കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്. 2025-26 ലെ കേന്ദ്ര ബജറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 5.42 ലക്ഷം കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. ഇതിൽ "കോർ ഓഫ് ദ കോർ" പദ്ധതികൾക്ക് 1,15,476 കോടി രൂപയും "കോർ" പദ്ധതികൾക്ക് 4,26,374 കോടി രൂപയുമാണ്. 2016-ൽ നീതി ആയോഗ് കൊണ്ടുവന്ന പരിഷ്കാരങ്ങ ളെ തുടർന്ന് "കോർ ഓഫ് ദ കോർ" പദ്ധതികൾക്ക് 100

ശതമാനവും “കോർ” പദ്ധതികൾക്ക് 60 ശതമാനം വരെ കേന്ദ്ര വിഹിതമാണ് ലഭിക്കുക. അതുകൊണ്ടു തന്നെ “കോർ” പദ്ധതികളുടെ കാര്യത്തിൽ ഈ ബജറ്റിലുണ്ടായ 1,20,224 കോടി രൂപയുടെ വർദ്ധനവിന് ആനുപാതികമായ വിഹിതം സംസ്ഥാനം കണ്ടെത്തണം. ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക ബാദ്ധ്യത കൂട്ടും.

തൊഴിലുറപ്പ് പദ്ധതിക്ക് ഇത്തവണത്തെ ബജറ്റിലും 86,000 കോടി രൂപ മാത്രമാണ് വകകൊള്ളിച്ചിരിക്കുന്നത്.2020-21 ൽ 1.11 ലക്ഷം കോടി രൂപ ചെലവഴിച്ച സ്ഥാനത്താണ് ഇതെന്നോർക്കണം. രാജ്യത്താകെ 8.5 കോടി ജനങ്ങൾ ഈ പദ്ധതിയിലുള്ളതിനാൽ വിഹിതം വർദ്ധിപ്പിക്കാത്തത് ഇവരുടെ തൊഴിൽ ദിനങ്ങൾ ശരാശരി 40 ലേയ്ക്ക് കുറയുന്നതിന് ഇടയാക്കും. അതോടൊപ്പം ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരത്തിലും വാങ്ങൽശേഷിയിലും ഇടിവുണ്ടാകും. ഇതിനെ അതിജീവിക്കുക എന്ന ലക്ഷ്യത്തോടെ 3876 കോടി രൂപയാണ് കേരളം 2025-26 ലെ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതിലൂടെ 10.5 കോടി തൊഴിൽദിനങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

## 1.2 ലക്ഷം രൂപയ്ക്ക് എങ്ങനെ വീടൊരുങ്ങും ?

പി.എം.എ.വൈ പദ്ധതി പ്രകാരം വീടൊന്നിന് 1,20,000 രൂപയാണ് നിർമ്മാണ ചെലവായി കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ 60% അതായത് 72,000 രൂപ കേന്ദ്രം നൽകും. ഈ തുക കൊണ്ട് എങ്ങനെയാണ് കേരളത്തിൽ വീട് വയ്ക്കുക? കേരളം ലൈഫ് പദ്ധതിയിലൂടെ നിർമ്മിച്ചു നൽകുന്ന വീടൊന്നിന് 4 ലക്ഷം രൂപയാണ് ചെലവ്. ഇതിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക കഴിച്ചാൽ 3.28 ലക്ഷം രൂപ സംസ്ഥാനമാണ് ചെലവാക്കുന്നത്. എന്നിട്ടും പ്രസ്തുത വീടുകൾക്ക് കേന്ദ്രത്തിന്റെ ബ്രാൻഡിംഗ് നൽകണമെന്ന ആവശ്യം അംഗീകരിക്കാനാവുമോ? ലൈഫ് പദ്ധതി പ്രകാരം 1,11,306 വീടുകളുടെ നിർമ്മാണം ഉടൻ പൂർത്തീകരിക്കും. 1160 കോടി രൂപയാണ് പദ്ധതിക്കായി ഈ വർഷത്തെ ബജറ്റ് വകയിരുത്തിയത്.

## കർഷകന് കഞ്ഞികുമ്പിളിൽത്തന്നെ

കൃഷിയെ വളർച്ചയുടെ പ്രധാന എഞ്ചിനുകളിലൊന്നായി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞെങ്കിലും അതിനുതകുന്ന വിഹിതം കേന്ദ്ര ബജറ്റിലില്ല. കർഷകരുടെ വരുമാനം 2023 ലെത്തുമ്പോൾ ഇരട്ടിയാക്കുമെന്ന 2016 ലെ ബജറ്റ് പ്രഖ്യാപനം കേന്ദ്ര സർക്കാർ മറന്നു. കൃഷിക്കും കർഷക ക്ഷേമത്തിനും വേണ്ടി ഈ ബജറ്റ് നീക്കിവച്ചത് 1,37,757 കോടി രൂപയാണ്. നടപ്പുവർഷത്തെ പുതുക്കിയ ബജറ്റിനെ അപേക്ഷിച്ച് ഇത് 2.5% കുറവാണ്. വിള ഇൻഷ്വറൻസ് പദ്ധതി വിഹിതം പുതുക്കിയ ബജറ്റിലെ 15,864 കോടി രൂപയിൽനിന്ന് ഈ വർഷം 12,242 കോടിരൂപയായി കുറച്ചു.

കിസാൻ ക്രഡിറ്റ് കാർഡിൽ വായ്പാ പരിധി 5 ലക്ഷമാക്കി ഉയർത്തിയതും, 100 പിന്നോക്ക ജില്ലകളിൽ പ്രത്യേക കാർഷിക പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. കാർഷിക വായ്പാ പലിശ ഇളവ് നൽകുന്നതിന് കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് 315 കോടി രൂപ ഇത്തവണത്തെ ബജറ്റിൽ കുറച്ചു. പരുത്തി കൃഷിക്ക് 500 കോടിയും ചെറു ധാന്യവിള കൃഷിക്ക് 1000 കോടിയും പ്രത്യേക പാക്കേജായി അനുവദിച്ചപ്പോൾ റബ്ബർ കർഷകരെ പാടെ മറന്നു.സിന്തറ്റിക് റബ്ബർ ഉൾപ്പെടെയുള്ളവയുടെ അനിയന്ത്രിതമായ ഇറക്കുമതിയിന്മേൽ ചുമത്തുന്ന ആന്റി ഡമ്പിംഗ് ഡ്യൂട്ടി ഏതാണ്ട് നിർത്തലാക്കിയ മട്ടാണ്. കേരളം നടപ്പിലാക്കി വരുന്ന റബ്ബർ വിലസ്ഥിരതാ ഫണ്ട് 180 രൂപയിൽ നിന്ന് 250 രൂപയായി ഉയർത്താൻ കേന്ദ്ര സഹായമായി ആവശ്യപ്പെട്ട 1000 കോടിയും അനുവദിച്ചില്ല. എന്നാൽ കേരളം 600 കോടി രൂപയാണ് റബ്ബർ ഇൻസെന്റീവ് പദ്ധതിക്കായി മാറ്റിവച്ചത്.

## സബ്സിഡികൾ ഘട്ടംഘട്ടമായി ഇല്ലാതാകും; രാസവള വില വർദ്ധിക്കും

കാർഷിക ഭക്ഷ്യ സബ്സിഡികൾ ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞ കുറെ ബജറ്റുകളിലൂടെ നടത്തുന്ന ശ്രമം ഈ ബജറ്റിലും തുടരുകയാണ്. നടപ്പുവർഷത്തെ പുതുക്കിയ ബജറ്റിൽ 4.22 ലക്ഷം കോടി രൂപ മൊത്തം സബ്സിഡിയായി നൽകിയപ്പോൾ 2025-26 ലെ ബജറ്റ് 4.14 ലക്ഷം കോടിരൂപ മാത്രമാണ് നീക്കിവച്ചത്. 2023-24 ലെ യഥാർത്ഥ കണക്കുമായി തട്ടിച്ചുനോക്കുമ്പോൾ 8,683 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. 2025-26 ബജറ്റിൽ ഭക്ഷ്യ വസ്തുക്കളുടെ സബ്സിഡിയിൽ വർദ്ധനവുണ്ടായെങ്കിലും രാസവള സബ്സിഡിയിൽ 3412 കോടിരൂപയുടെ കുറവാണുണ്ടായത്. പലിശ സബ്സിഡിയാകട്ടെ നടപ്പു വർഷത്തെ പുതുക്കിയ ബജറ്റിൽ നിന്നും ഈ വർഷത്തെ ബജറ്റിലെത്തിയപ്പോൾ 315 കോടി രൂപ കുറയുകയാണുണ്ടായത്. എൽ.പി.ജി. ഉൾപ്പെടെയുള്ള മറ്റ് സബ്സിഡിയുടെ കാര്യത്തിലും വലിയ കുറവുണ്ടായി.●

## റിട്ട. സെയിൽസ് ടാക്സ് ഇൻസ്പെക്ടർ കുഞ്ഞിരാമൻ നായർ അന്തരിച്ചു



തയ്യുള്ളതിൽ താമസിക്കും ചെറിയമഠത്തിൽ കുഞ്ഞിരാമൻ നായർ, റിട്ടയേർഡ് സെയിൽസ് ടാക്സ് ഇൻസ്പെക്ടർ (80) നിര്യാതനായി.

ഭാര്യ: പത്മാവതി അമ്മ മുല്ലതുരുത്തി. മക്കൾ : രാജേഷ്, സുമേഷ്, നിഷ. സഹോദരീസഹോദരങ്ങൾ: പരേതയായ കല്യാണി അമ്മ കൈ നോളി, എം.കെ. നായർ മംഗലശ്ശേരി, മീനാക്ഷി അമ്മ ചിറപ്പുറത്ത്, നാരായണി അമ്മ, മേക്കമ്മ, സി.എം. ഭാസ്കരൻ ചെറിയമഠത്തിൽ.

Chandy's

# Grace Hills

2,3&4 BHK LUXURY APARTMENTS

Caritas Junction, Kottayam

- . 1.66 ACRES
- . 100 RESIDENTIAL APARTMENTS
- . G+17 FLOORS
- . 5 PASSENGER LIFT + 1 BEAD LIFT
- . FULLY AIR CONDITIONED HEALTH CLUB (GYM)
- . RECREATION HALL AT TARRACE FLOOR + OPEN AREA
- . SWIMMING POOL
- . BADMINTON COURT
- . CRICKET PITCH AND GARDEN TARRCE

## Book your perfect home before the launch offer ends



CHANDY'S

SINCE 1994

+91 98959 79999 | 98953 17777 | 99958 21355

**Corporate Office :** Chandy's Centre, Ettumanoor, Kottayam, Kerala, India.
**Email :** info@chandysbuilders.com | www.chandysbuilders.com

# വ്യാപാരി – വ്യവസായി ഏകോപനസമിതി പാർലമെന്റ് മാർച്ച് നടത്തി




വ്യാപാരി വ്യവസായി ഏകോപനസമിതി നടത്തിയ പാർലമെന്റ് മാർച്ച് കെ.സി. വേണുഗോപാൽ എം.പി. ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. എം. പി മാരായ എൻ.കെ. പ്രേമചന്ദ്രൻ, ഹാരിസ് ബീരാൻ, കോടിക്കുന്നേൽ സുരേഷ്, സമിതി പ്രസിഡന്റ് രാജു അപ്സര തുടങ്ങിയവർ സമീപം

**കൂ**ടുതൽ വ്യാപാരവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിക്കുകയാണ് കേന്ദ്ര സർക്കാരെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഭാരതീയ ഉദ്യോഗവ്യാപാര മണ്ഡൽ ദേശിയ പ്രസിഡന്റ് ബാബു ലാൽ ഗുപ്ത പറഞ്ഞു.

ഓൺലൈൻ വ്യാപാരത്തിന്മേൽ സെസ് ഏർപ്പെടു ത്തുക, ജി.എസ്.ടി കൗൺസിൽ തീരുമാനങ്ങൾ പാർലമെന്റിൽ ചർച്ചചെയ്തുമാത്രം നടപ്പാക്കുക എന്നീ ആവശ്യങ്ങൾ ന്യായമാണെന്നും അതിനായി പാർലമെന്റിൽ ഇടപെടൽ നടത്തുമെന്നും എം.പി. മാരായ എൻ.കെ. പ്രേമചന്ദ്രനും കൊടിക്കുന്നേൽ സുരേഷും പറഞ്ഞു.

കെട്ടിടവാടകയ്ക്കുമേലുള്ള ജി.എസ്.ടി വ്യാപാരികളുടെ തലയിൽ കെട്ടിവെച്ചത് കടുത്ത അനീതിയാണെന്നും ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിന് കോടതിയെ സമീപിക്കുമെന്നും ഹാരിസ് ബീരാൻ എം.പി. ഉറപ്പു നൽകി.

വർക്കിങ്പ്രസിഡന്റ് പി. കുഞ്ഞാവു ഹാജി, ജനറൽ സെക്രട്ടറി ദേവസ്യമേച്ചേരി, ഖജാൻജി എസ്. ദേവരാജൻ, സീനീയർ വൈസ് പ്രസിഡന്റ് കെ.വി. അബ്ദുൾ ഹമീദ്, വൈസ് പ്രസിഡന്റു മാരായ എം.കെ. തോമസുകുട്ടി, പി.സി. ജേക്കബ്, എ.ജെ. ഷാജഹാൻ, കെ. അഹമ്മദ് ഷെരീഫ്, ബാബു കോട്ടയിൽ, സണ്ണി പൈബിള്ളി, ബാപ്പുഹാജി സെക്രട്ടറിമാരായ വൈ. വിജയൻ, സി. ധനീഷ് ചന്ദ്രൻ, ജോജിൻ ടി.ജോയ്, എ.ജെ. റിയാസ്, സെക്രട്ടറിയേറ്റംഗം സലീം രാമനാട്ടുകര, വനിതാവിങ് പ്രസിഡന്റ് ശ്രീജ ശിവദാസ് തുടങ്ങിയവർ സംസാരിച്ചു.



# ജി.എസ്.ടിയിലെ പ്രധാന മാറ്റങ്ങൾ എന്തൊക്കെ?

## നിങ്ങൾ ഉറപ്പായും അറിഞ്ഞിരിക്കേണ്ട ജി.എസ്.ടിയിലെ മാറ്റങ്ങൾ






CA സ്റ്റാൻലി ജെയിംസ് FCA

ഫെബ്രുവരി 13ന് സമർപ്പിച്ച ഫിനാൻസ് ബിൽ 2025ൽ ജി.എസ്.ടിയുമായി ബന്ധപ്പെട്ട് നിരവധി മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. നികുതി നടപടിക്രമങ്ങൾ ലഘൂകരിക്കാനും നിർദ്ദിഷ്ട ഇടപാടുകൾക്കുള്ള നികുതികൾ കാര്യക്ഷമമാക്കാനും നികുതി ബാധ്യതകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനുമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. പ്രധാന മാറ്റങ്ങൾ നോക്കാം.

- സെക്ഷൻ രണ്ടിലെ ക്ലോസ് 61 പ്രകാരം ഐ.എസ്.ഡി (Input Service Distributor) നിർവചനത്തിൽ സർക്കാർ പുതുതായി ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇത് പ്രകാരം ഇൻപുട്ട് ടാക്സ് സർവ്വീസ് ഡിസ്ട്രിബ്യൂട്ടർക്ക് ആർ.സി.എം അടിസ്ഥാനത്തിൽ കോമൺ ഇൻപുട്ട് സർവ്വീസിന്റെ ജി.എസ്.ടി അടയ്ക്കാനും തുടർന്ന് ഇന്റർസ്റ്റേറ്റ് സപ്ലൈ ആയി ഇത് വ്യത്യസ്ത വ്യക്തികൾക്ക് വിതരണം ചെയ്യാവുന്നതുമാണ്.
- സെക്ഷൻ രണ്ടിൽ (116എ) പ്രകാരം യുണീക് ഐഡന്റിഫിക്കേഷൻ മാർക്കിംഗ് എന്ന ക്ലോസ് പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇവിടെ ട്രാക്ക് ആൻഡ് ട്രേഡ് മെക്കാനിസം പ്രാബല്യത്തിൽ കൊണ്ടുവരുന്നു. ഇതനുസരിച്ച് ഫിനാൻസ് ആക്ടിൽ പുതുതായി കൊണ്ടുവന്ന സെക്ഷൻ 148 എയുടെ സബ്സെക്ഷൻ 2(ബി) പ്രകാരം പ്രത്യേക വസ്തുക്കൾക്ക് ഇത് ബാധകമാകുന്നു. പുകയില, പാൻമസാല തുടങ്ങിയവയ്ക്കാണ് നിലവിൽ ഇത് ബാധമാകുന്നത്. പിന്നീട് നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള ആക്രി, പേപ്പർ തുടങ്ങിയവയ്ക്കും ഇത് കൊണ്ടുവരാം.
- സെക്ഷൻ 12 സബ്സെക്ഷൻ 4, സെക്ഷൻ 13 സബ്സെക്ഷൻ 4 എന്നിവയിൽ 56-ാമത്തെ ജി.എസ്.ടി കൗൺസിൽ മീറ്റിംഗ് പ്രകാരം ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നു. വൗച്ചർ എന്ന് പറയുന്ന പ്രീപെയ്ഡ് പേയ്മെന്റ് ഇൻസ്ട്രുമെന്റ് സപ്ലൈയോ ഗുഡ്സോ അല്ലായെന്നും ജി.എസ്.ടി ഇതിന് ബാധകമാവില്ലെന്നും മാറ്റം വരുത്തിയിരിക്കുന്നു.
- സെക്ഷൻ 17(5) പ്രകാരം സഫാരി റിട്രീറ്റ് സിസ്റ്റം കേസിലെ കോടതി വിധിക്കെതിരായി കേന്ദ്രസർക്കാർ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നു. ഇതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. 2017 ജൂലൈ 1 മുതലാണ് ഈ മാറ്റം. ഇത് പ്രകാരം ജി.എസ്.ടിയിലെ സെക്ഷൻ 17(5)(ഡി)ൽ പ്ലാന്റ്, അല്ലെങ്കിൽ മെഷിനറി എന്നതിന് പകരം പ്ലാന്റ് ആൻഡ് മെഷിനറി എന്ന് മാറ്റം വരുത്തിയിരിക്കുന്നു.
- സെക്ഷൻ 34(2)ൽ ക്രെഡിറ്റ് നോട്ടുമായി ബന്ധപ്പെട്ടാണ് മറ്റൊരു മാറ്റം. ഇതു പ്രകാരം ഒരു സപ്ലൈയർ

ക്രെഡിറ്റ് നോട്ട് കൊടുക്കുമ്പോൾ സ്വീകരിക്കുന്നയാൾ ആനുപാതികമായി ഇതിലെ ടാക്സ് കോമ്പോണന്റ് റിവേഴ്സ് ചെയ്താൽ മാത്രമേ സപ്ലൈ വഴി ക്രെഡിറ്റ് നോട്ടിന് ടേണോവർ കിഴിവ് ലഭിക്കുകയുള്ളൂ. ഇപ്പോൾ ജി.എസ്.ടി.ആർ 3 ബി ഓട്ടോ പോപുലേറ്റഡ് ആയതുകൊണ്ട് ഈ ഭേദഗതി കൂടുതൽ സുതാര്യമായിരിക്കുന്നു. ഇതിനു പുറമേ ഇൻവോയ്സ് മാനേജ്മെന്റ് സിസ്റ്റം നിർബന്ധമാക്കി വരികയാണ്. സെക്ഷൻ 38, 39 പ്രകാരവും ഐ.എം.എഫ് ചെയ്യാനും സാധിക്കുന്നു. അതുപോലെ മുൻ മാസത്തിലെ 3ബി ഫയൽ ചെയ്യാനും പിന്നീടുള്ള മാസത്തിലെ ജി.എസ്.ടി.ആർ 1 ഫയൽ ചെയ്യാനും കഴിയില്ല. അതുപോലെ വൈകി ജി.എസ്.ടി.ആർ 3 ബി ഫയൽ ചെയ്യുന്ന സന്ദർഭത്തിൽ പരമാവധി മൂന്ന് വർഷ കാലാവധിയാണ് നിലവിലുള്ളത്. അതിനു ശേഷം ഇത് ഫയൽ ചെയ്യാൻ സാധിക്കില്ല.

- അപ്പീൽ ഫയലിംഗുമായി ബന്ധപ്പെട്ട് സെക്ഷൻ 107, 112 എന്നിവയിൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. സെക്ഷൻ 107(6)ന്റെ പ്രോവിസോ പ്രകാരം സാധനങ്ങൾ പിടിച്ചുവെച്ചാൽ സെക്ഷൻ 129 (3) അനുസരിച്ച് നികുതിയുടെ 200 ശതമാനവും അതുപോലെ പ്രീ ഡെപ്പോസിറ്റായി 25 ശതമാനവും കെട്ടിവെച്ച് വേണം അപ്പീലിനു പോകാൻ. ഇവിടെ പ്രീ ഡെപ്പോസിറ്റ് 10 ശതമാനമായി കുറച്ചിരിക്കുന്നു. ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പിഴയ്ക്കെതിരെ ട്രൈബ്യൂണലിൽ അപ്പീലിന് പോകണമെങ്കിൽ വീണ്ടും 10% കൂടി ഡെപ്പോസിറ്റ് ചെയ്യണമെന്ന് സെക്ഷൻ 112(8) ൽ പുതുതായി കൊണ്ട്വന്ന് പ്രൊവിസോയിൽ നിഷ്കർഷിച്ചിട്ടുണ്ട്.
- യുണീക് ഐഡന്റിഫിക്കേഷൻ മാർക്കിംഗുമായി ബന്ധപ്പെട്ട് ഫിനാൻസ് ബില്ലിൽ 122 ബി എന്ന സെക്ഷൻ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് പ്രകാരം സെക്ഷൻ 148 എ (1)(ബി)യുടെ ലംഘനം നടത്തുന്നവർ ചാപ്റ്റർ 15ൽ പറയുന്ന പിഴയ്ക്ക് പുറമേ 10 ശതമാനം നികുതിയോ പരമാവധി ഒരു ലക്ഷം രൂപയോ അധിക പിഴയായി നൽകണമെന്ന് വ്യക്തമാക്കിയിരിക്കുന്നു.
- ഷെഡ്യൂൾ മുന്നിൽ ഒരു മാറ്റമുണ്ട്. സെസിനുള്ളിൽ കൈമാറ്റം ചെയ്യപ്പെടുന്ന ചരക്കുകൾക്ക് ജി.എസ്.ടി ബാധകമല്ലെന്നും ഇത് സപ്ലൈയോ സർവ്വീസോ ആയിരിക്കില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഷെഡ്യൂൾ 3 ക്ലോസ് എഎ പാരഗ്രാഫ് 8 നമ്പർ എഎ പാര 8 പ്രകാരം പുതുതായി വന്ന ഭേദഗതിയാണിത്.●

*(എറണാകുളത്തെ പ്രമുഖ ചാർട്ടേർഡ് അക്കൗണ്ടന്റും ജി.എസ്.ടി കൺസൾട്ടന്റുമായ ലേഖകൻ യൂട്യൂബറും (GST ടോക്ക്)Saju & Co. യിലെ മാനേജിംഗ് പാർട്ണറുമാണ്*

*Mob: 98471 48622)*

---

# ആവിയിൽ പുഴുങ്ങിയെടുക്കുന്ന പലഹാരങ്ങൾക്ക് നികുതി കുറയ്ക്കണം



നാടൻ പലഹാരങ്ങളുടെ ഉയർന്ന നികുതി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള കേരള ബേക്കറി ഓണേഴ്സ് ഫോറത്തിന്റെ നിവേദനം ചാലക്കുടി എം.പി ബെന്നി ബെഹനാൻ കേന്ദ്രമന്ത്രി നിർമലാ സീതാരാമന് കൈമാറുന്നു

**ആ**വിയിൽ പുഴുങ്ങിയെടുക്കുന്ന നാടൻ പലഹാരങ്ങൾക്കടക്കം നിലനിൽക്കുന്ന ഉയർന്ന നികുതി ഒഴിവാക്കണമെന്ന ആവശ്യവുമായി ബേക്ക് വൺ (കേരള ബേക്കറി ഓണേഴ്സ് ഫോറം). നാടൻ പലഹാരങ്ങളുടെ ജി.എസ്.ടി 18 ശതമാനത്തിൽ നിന്ന് 5 ആക്കണമെന്ന ആവശ്യമായി സംഘടനാ നേതാക്കൾ കേന്ദ്രമന്ത്രി നിർമലാ സീതാരാമനെയും കേന്ദ്ര റവന്യൂ സെക്രട്ടറിയേയും സന്ദർശിച്ചു.

നിലവിൽ ബേക്കറിയിൽ വിൽക്കുന്ന പാരമ്പരാഗതമായിട്ടുള്ള ഭക്ഷണങ്ങൾക്ക് 18% നികുതി കൊടുക്കേണ്ടി വരുമ്പോൾ കെ.എഫ്.സി പോലുള്ള സ്ഥാപനങ്ങളിൽ വിൽക്കുന്ന സാധനങ്ങൾക്ക് 5 ശതമാനമാണ് നികുതി. ലഡു, ജിലേബി, കാജുബർഫി എന്നിവയെ സ്വീറ്റ്മീറ്റ് എന്ന് പരിഗണിച്ച് നികുതി 5 ശതമാനമാക്കി കുറച്ചിരുന്നു. ആവിയിൽ പുഴുങ്ങിയെടുക്കുന്ന മണിക്കൂറുകൾ മാത്രം ആയുസുള്ള കൊഴുക്കട്ട. ചക്കഅട എന്നിവയ്ക്കടക്കം കൂടിയ നികുതിയാണ് നിലവിലുള്ളത്. വിഷയത്തിൽ ഇടപെടുമെന്നും പരിഹാരം കാണുമെന്ന ഉറപ്പും കേന്ദ്രമന്ത്രി നൽകി. പിന്നാലെ ഇക്കാര്യം ജി.എസ്.ടി കൺസിലിൽ എത്തുകയും പരിശോധനക്കായി ഫിറ്റ്മെന്റ് കമ്മിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

സ്നാക്സ് എന്നറിയപ്പെടുന്ന ഭക്ഷണ പദാർത്ഥങ്ങൾക്ക് കൂടിയ നികുതി വന്നത് മുതൽ ബേക്കറി വ്യവസായം പ്രതിസന്ധിയിലാണെന്നും പ്രശ്നം ഉടൻ പരിഹരിക്കുമെന്നാണ് പ്രതീക്ഷയെന്നും ബേക്ക്വൺ സംസ്ഥാന പ്രസിഡന്റ് റോയൽ നൗഷാദ്, ജന. സെക്രട്ടറി പി. ശ്രീകുമാർ, ബിജു നവ്യ, ലിസ് ജോസഫ് എന്നിവർ പറയുന്നു.


vismay
intimates
BRA / PANTY / CAMISOLE
www.vismay.com /vismay.india /vismay.india /vismay.intimates

# വ്യാപാരി–വ്യവസായി സമിതി പാർലമെന്റ് മാർച്ച് നടത്തി




വ്യാപാരി- വ്യവസായി സമിതി നടത്തിയ പാർലമെന്റ് മാർച്ച് ജോൺബ്രിട്ടാസ് എം.പി. ഉദ്ഘാടനം ചെയ്യുന്നു

**ചെ**റുകിട വ്യാപാരവ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി നടത്തിയ പാർലമെന്റ് മാർച്ച് ജോൺ ബ്രിട്ടാസ് എം.പി ഉദ്ഘാടനം ചെയ്തു. ജി.എസ്.ടി യിലെ അപാകതകൾ പരിഹരിക്കുക, കെട്ടിടവാടകയിലെ 18% ജി.എസ്.ടി ഒഴിവാക്കുക. വിലക്കയറ്റം തടയുക, ഓൺലൈൻ വ്യാപാരം നിയമം മൂലം നിയന്ത്രിക്കുക, ചെറുകിട വ്യാപാര മേഖലയിലെ പ്രത്യക്ഷ വിദേശ നിക്ഷേപം ഒഴിവാക്കുക. ചെറുകിട വ്യാപാര മേഖലയെ സംരക്ഷിക്കാൻ സാമ്പത്തിക ഉത്തേജക പാക്കേജ് പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ച് നടത്തിയത്.

മാർച്ചിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ എം.പി.മാരായ വി.ശിവദാസൻ, പി.സുനീർ, വ്യാപാരി വ്യവസായി സമിതി സംസ്ഥാന പ്രസിഡന്റ് വി.കെ.സി മമ്മദ്കോയ, സംസ്ഥാന സെക്രട്ടറി ഇ.എസ്.ബിജു, ട്രഷറർ വി. ഗോപിനാഥ്, സംസ്ഥാന വൈസ് പ്രസിഡന്റ് ഡി. ദിനേശ്, കെ.എം. ലെനിൻ, വി.പാപ്പച്ചൻ, എം.പി. അബ്ദുൾ ഗഫൂർ, സീനത്ത് ഇസ്മയിൽ തുടങ്ങിയവർ പ്രസംഗിച്ചു.



# ജി.എസ്.ടി : നികുതി നിർണ്ണയ സമയപരിധിയും, തുടർനടപടികളും

> “ മിക്കവാറും എല്ലാ ഓഡിറ്റ് കണ്ടെത്തലുകളിലും നികുതി നിർണ്ണയം നടത്തേണ്ടത് സെക്ഷൻ 73 പ്രകാരമുള്ള അഡ്ജൂഡിക്കേഷൻ നടപടികളായാണ്



**കെ.എം. അസീഫ്**

**കേ**രളത്തിലെ ജി.എസ്.ടി ഡിപ്പാർട്ടുമെന്റ് റീസ്ട്രക്ചറിന്റെ ഭാഗമായി ഡിപ്പാർട്ടുമെന്റിലെ ഏതാണ്ട് പകുതിയോളം ജീവനക്കാരെ നിയമിച്ചിരിക്കുന്നത് ആഡിറ്റ് വിഭാഗത്തിലാണ്.

വളരെ വൈകിയാണ് കേരളത്തിലെ ഓഡിറ്റ് വിഭാഗം രൂപീകരിച്ചതും പ്രവർത്തനം ആരംഭിച്ചതും. ജി.എസ്.ടി നികുതി നിർണ്ണയത്തിനായുള്ള സമയ പരിധി കഴിഞ്ഞത് മൂലം ഓഡിറ്റ് കണ്ടെത്തലുകൾ വഴി ലഭിക്കേണ്ട 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിലെ, നികുതി വരുമാനം ഒരു പരിധിവരെ ലഭിക്കാതിരിക്കാനും, അനാവശ്യ നിയമതർക്കങ്ങൾ ഉണ്ടാക്കുവാനും വഴിയൊരിക്കിയിരിക്കുകയാണ് എന്ന സത്യം കാണാതിരിക്കാനാവില്ല.

ഓഡിറ്റ് വിഭാഗം പരിശോധനകളുടെ വലിയ പ്രസക്തി, ജി.എസ്.ടി നിയമം നടപ്പിലാക്കിയ ആദ്യ മൂന്നു വർഷങ്ങളിലെ അറിവില്ലായ്മ മൂലം സംഭവിച്ച തെറ്റുകൾ കണ്ടെത്തി തിരുത്തുവാനും അതുവഴി ഉണ്ടായ റവന്യൂനഷ്ടം നികത്തുക എന്നതുമാണ്.

എന്നാൽ 2017-18 മുതൽ 2019-20 വരെയുള്ള ആദ്യ കാലയളവിലെ അസസ്മെന്റ് നടപടികളുടെ സമയപരിധി കഴിഞ്ഞിരിക്കുകയാണ്. ഓഡിറ്റ് പരിശോധന ലക്ഷ്യം വെക്കുന്നത് മനപൂർവ്വം നികുതി വെട്ടിക്കണം എന്ന ഉദ്ദേശ ലക്ഷ്യത്തോടെയുള്ള തെറ്റുകളേക്കാൾ അറിവില്ലായ്മ മൂലം സംഭവിച്ച വിവിധങ്ങളായ തെറ്റുകൾ കണ്ടെത്തുവാനും, അവ നികുതിദായകരെ പഠിപ്പിച്ച് തിരുത്തിക്കുവാനും, അതുവഴി ലഭിക്കേണ്ട നികുതി സംരക്ഷിക്കുക എന്നതുമാണ്. ഇതനുസരിച്ച് മിക്കവാറും എല്ലാ ഓഡിറ്റ് കണ്ടെത്തലുകളിലും നികുതി നിർണ്ണയം നടത്തേണ്ടത് സെക്ഷൻ 73 പ്രകാരമുള്ള അഡ്ജൂഡിക്കേഷൻ നടപടികളായാണ്.

മന:പൂർവ്വം നികുതി വെട്ടിക്കണം എന്ന ഉദ്ദേശത്തോടെ പ്രവർത്തിച്ച് നികുതി നഷ്ടം വന്നിട്ടുള്ള കേസുകൾ ഓഡിറ്റ് പരിശോധനകളിൽ സാധാരണയായി കണ്ടെത്തുക ദുഷ്കരമാണ്. കാരണം ഓഡിറ്റ് പരിശോ ധനയിൽ മുഖ്യമായും ആശ്രയിക്കുന്നത് ബുക്ക് ഓഫ് അക്കൗണ്ട്സും, ഫയൽ ചെയ്ത റിട്ടേണുകളും ആണ്. അതുകൊണ്ട് തന്നെ ഇന്റലിജൻസ് പരിശോധനയിൽ നിന്നും വളരെ വ്യത്യസ്തമാണ് ഓഡിറ്റ് പരിശോധനകൾ ലക്ഷ്യം വെക്കുന്നതും നടത്തുന്നതും.




2017-18 മുതൽ 2019-20 വരെയുള്ള ആദ്യ കാലയളവിൽ വ്യാപാരി കളുടെ മന:പൂർവ്വമല്ലാത്ത തെറ്റായ നികുതി നിർണ്ണ യംമൂലം നഷ്ടപ്പെട്ട റവന്യൂ ഈടാക്കാൻ സെക്ഷൻ 73 പ്രകാരമുള്ള അഡ്ജൂ ഡിക്കേഷൻ

**നികുതിയും പലിശയും അടയ്ക്കാൻ തയ്യാറാണെന്ന് അറിയിച്ചാൽ പോലും, സെക്ഷൻ 74 പ്രകാരം വലിയ തുക പെനാൽറ്റി അടക്കണമെന്ന് നിർദ്ദേശിക്കുകയാണ്.**

## അഹിംസയിലൂടെ സ്വാതന്ത്ര്യം നേടിയ രാജ്യം



“**അ**ഹിംസയിലൂടെ സ്വാതന്ത്ര്യം നേടിയ രാജ്യമാണ് നമ്മുടേത്. എന്നിട്ടും ആ വഴി നാംമറക്കുന്നു. അക്രമം ഒന്നിനും പരിഹാരമല്ല. ഒരു യുദ്ധവും ഒന്നും നേടിത്തന്നിട്ടില്ല. അക്രമം സത്യത്തിൽ പ്രശ്‌നങ്ങളുടെ തുടക്കമാണ്. ജനാധിപത്യത്തിൽ അക്രമത്തിന് ഒരു പ്രസക്തിയുമില്ല. അവിടെ സംവാദങ്ങളാണു പകരം ഉണ്ടാകേണ്ടത്. ലോകംകണ്ട ഏറ്റവും വലിയ സംവാദകനായ ആദിശങ്കരന്റെ നാടാണു നമ്മുടേത്. അക്രമമല്ലാതെ മറ്റുവഴികളില്ലെന്നു കരുതുന്നതാണ് ഏറ്റവും വലിയ തെറ്റ്. ”

**ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ**
(ഹൈക്കോടതി ജഡ്ജി)

സമയപരിധി കഴിഞ്ഞിരിക്കുകയാണ്.

ഓഡിറ്റ് വിഭാഗം രൂപീകരണത്തിൽ ഉണ്ടായ വലിയ കാലതാമസം വലിയ റവന്യൂ നഷ്ടം ഉണ്ടാക്കിയേക്കാമെന്ന ദുഃസ്ഥിതി ഇത് സൃഷ്ടിച്ചി രിക്കുന്നു.

അക്കൗണ്ടന്റ് ജനറൽ ഓഫീസ് ഓഡിറ്റിലൂടെ മാത്രമെ ഇത്തരത്തിൽ ഉണ്ടായിട്ടുള്ള റവന്യൂ നഷ്ടത്തിന്റെ യഥാർത്ഥ കണക്കുകൾ പുറത്തു വരികയുള്ളൂ.

ഇത്തരത്തിൽ വരുന്ന റവന്യൂ നഷ്ടക്കണക്കിൽ നിന്നും രക്ഷപ്പെടാൻ കേരളത്തിലെ ജി.എസ്.ടി. ഓഡിറ്റ് വിഭാഗം സമയപരിധി പ്രശ്നം ഒഴിവാക്കാൻ മേൽ കാലയളവിലെ എല്ലാ ഓഡിറ്റ് റിപ്പോർട്ടിലും സെക്ഷൻ 73 ന് പകരം യാതൊരു നീതികരണവുമില്ലാതെ സെക്ഷൻ 74 നോട്ടീസുകൾ കൊടുക്കുകയാണ്.

ഇത് നിയമവ്യവസ്ഥയോടും, കോടതി വിധികളോടും ഉള്ള ഒരു വെല്ലുവിളിയായി മാത്രമെ കാണാനാവൂ.

സെക്ഷൻ 74 പ്രകാരം നല്കുന്ന നോട്ടീസിലൂടെ തങ്ങളുടെ ഓഡിറ്റ് കണ്ടെത്തലുകൾ അനുസരിച്ച് വ്യാപാരി നടത്തിയ തെറ്റുകൾ എല്ലാം തന്നെ മനപൂർവ്വം നികുതി വെട്ടിക്കണം എന്ന ഉദ്ദേശത്തോടെയുള്ളതാണെന്ന് ദുർവ്യഖ്യാനം നടത്തിയാണ് നല്കുന്നത്.

നോട്ടീസ് ലഭിക്കുന്ന വ്യാപാരി തങ്ങളുടെ തെറ്റ് സമ്മതിച്ച് സെക്ഷൻ 73 പ്രകാരം നികുതിയും പലിശയും അടയ്ക്കാൻ തയ്യാറാണെന്ന് അറിയിച്ചാൽ പോലും, സെക്ഷൻ. 74 പ്രകാരം വലിയ തുക പെനാൽറ്റി അടക്കണമെന്ന് നിർദ്ദേശിക്കുകയാണ്.

മനപൂർവ്വം നികുതി വെട്ടിച്ചു എന്നു പറയുമ്പോൾ തീർച്ചയായും പരിശോധനാ ഉദ്യോഗസ്ഥൻ അതിനാവശ്യമായ തെളിവുകൾ കണ്ടെത്തേണ്ടതുണ്ട്.

വ്യാപാരിയുടെ കണക്കു പുസ്തകത്തിൽ വരാത്തതും, ഉദ്യോഗസ്ഥൻ മറ്റു മേഖലയിൽ നിന്നും കണ്ടെത്തിയതുമായ തെളിവുകൾ നിരത്തി വേണം ഒരു തെറ്റിനെ തരം തിരിക്കാൻ. സത്യമായ തെറ്റും (Bona fide errors) മനപൂർവ്വമായ തെറ്റും (wilful errors) ഒരേ രീതിയിലല്ല കൈകാര്യം ചെയ്യേണ്ടത് എന്ന് സെക്ഷൻ 73 ഉം സെക്ഷൻ 74ഉം പഠിപ്പിക്കുന്നുണ്ട്.

നികുതി നിയമ തത്വങ്ങൾ അനുസരിച്ച് കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് വളരെ സൂക്ഷ്മതയോടെ വേണമെന്നാണ് വെളിവാക്കുന്നത്.

ഇക്കാര്യത്തിൽ ഒട്ടനവധി കോടതി വിധികളും നമ്മുടെ മുന്നിലുണ്ട്. ഒരു തെറ്റ് മനപൂർവ്വമോ, വഞ്ചനാപരമോ , സത്യങ്ങൾ മൂടിവെക്കുന്നവയോ ആണെന്നും, നികുതി വെട്ടിക്കുക എന്ന ഏക ലക്ഷ്യത്തോടെയാണ് പ്രസ്തുത നടപടി എന്നും നോട്ടീസിൽ പറഞ്ഞാൽ അത് തെളിയിക്കേണ്ട ബാധ്യത പ്രസ്തുത പരിശോധനാ ഉദ്യോഗസ്ഥന് ആണ്. വ്യാപാരിയുടെ നടപടി മനഃപൂർവം ആണെന്ന് വെറുതെ പറഞ്ഞാൽ മാത്രം പോര എന്ന് സാരം.

റവന്യൂ നഷ്ടം നികത്താൻ വേണ്ടി നിയമ വിരുദ്ധമായ നടപടികൾ സ്വീകരിക്കുക വഴി കൂടുതൽ നിയമക്കുരുക്കുകൾ സൃഷ്ടിക്കുകയും വലിയ നിയമ തർക്കങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്യുന്നത് ജി.എസ്. ടി. ലക്ഷ്യങ്ങൾക്ക് എതിര് കൂടിയാണ്.●

**നികുതിനിയമതത്വങ്ങൾ അനുസരിച്ച് കടുത്തശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് വളരെ സൂക്ഷ്മതയോടെ വേണമെന്നാണ് വെളിവാക്കുന്നത്**

# TRINITY PACKAGING CO. PVT. LTD.™

QMS-ISO 9001:2015 UKAS and NABCB Accreditation & GMP Certified Company









One of the leading manufacturers, suppliers of wooden pallets and packaging services and are also certified to provide ISPM-15 standard Heat treatment for wooden Pallets

## Products and Services

- Wooden Pallets
- Palletisation
- Packaging













# TRINITY PACKAGING CO. PVT. LTD.

**Office Address :**

203, Ghanshyam Enclave,
Behind Laljipada Police Station, Link Road,
Kandivali West, Mumbai-400067, Maharashtra, India.

**Factory Address:**

D/5, JK Industrial Compound, Behind Novelty Hotel &
Nityanand Petrol Pump, NH No.8, Village Kher Pada,
Taluka-Vasai, Dist-Thane-401208

Key Person : Mr. John C. Daniel (Proprietor), Mobile : +91-9821317033, 9773322470, 9773322483
Phone : +91-22-28518360, Fax : +91-22-28506101, E-mail : trinity1157@gmail.com, markangel57@gmail.com

www.trinitypallet.com

## സംശയങ്ങളും മറുപടിയും...

(5-ാം പേജിൽ നിന്ന് തുടർച്ച)

*ത്തോളം നീണ്ടുപോയി. അസുഖം മാറി വ്യാപാരം പുനരാരമഭിച്ചശേഷം റിട്ടേൺ അപ്ലോഡ് ചെയ്യാൻ നോക്കിയപ്പോൾ പോർട്ടൽ ബ്ലോക്ക് ചെയ്തിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. ഓഫീസിൽ അന്വേഷിച്ചപ്പോൾ രജിസ്ട്രേഷൻ റദ്ദാക്കിയിരിക്കുകയാണെന്നാണറിഞ്ഞത്. എന്നാൽ രജിസ്ട്രേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് എനിക്ക് യാതൊരു വിധ നോട്ടീസും ലഭിച്ചിരുന്നില്ല. ഇക്കാര്യം ഓഫീസിൽ തിരക്കിയപ്പോൾ ആറുമാസക്കാലം തുടർച്ചയായി റിട്ടേൺ നൽകാതിരുന്നാൽ രജിസ്ട്രേഷൻ റദ്ദാക്കപ്പെടുമെന്നും അതിന് പ്രത്യേകം നോട്ടീസ് നൽകേണ്ടതില്ലെന്നുമാണ് പറഞ്ഞത്. ഇത് ന്യായമാണോ? പുനഃസ്ഥാപിച്ച് കിട്ടാനായി ഞാൻ എന്താണ് ചെയ്യേണ്ടത്.?*

**(പി. മാധവൻ അടൂർ)**

**A** : ജി.എസ്.ടി രജിസ്ട്രേഷനുള്ള ഒരു വ്യക്തി തുടർച്ചയായി ആറുമാസം റിട്ടേൺ നൽകാതിരുന്നാലോ രജിസ്ട്രേഷനെടുത്തശേഷം ആറുമാസത്തിനുള്ളിൽ വ്യാപാരം തുടങ്ങാതിരുന്നാലോ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ട്. പക്ഷേ, അങ്ങനെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് മുമ്പ് അതുസംബന്ധിച്ചുള്ള അറിയിപ്പ് നൽകിക്കൊണ്ടും അങ്ങനെ ചെയ്യാതിരിക്കാനുള്ള കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് ബന്ധപ്പെട്ട വ്യാപാരിക്ക് നൽകിയിരിക്കണം. അങ്ങനെ നൽകുന്ന നോട്ടീസിന് വ്യാപാരി നൽകുന്ന വിശദീകരണങ്ങളും പരിഗണിച്ചശേഷം മാത്രമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാവൂ. താങ്കളുടെ കാര്യത്തിൽ അങ്ങനെ നോട്ടീസ് നൽകാതെയാണ് രജിസ്ട്രേഷൻ റദ്ദാക്കിയിരിക്കുന്നതെന്നാണ് കാണുന്നത്. ഇത് നിയമവ്യവസ്ഥയുടെയും സാമാന്യനീതിയുടേയും ലംഘനമാണ്. അതിനാൽ രജിസ്ട്രേഷൻ റദ്ദാക്കിയ നടപടിക്ക് നിയമസാധുതയില്ല. രജിസ്ട്രേഷൻ റദ്ദാക്കിയ ഉത്തരവിനെതിരെ മൂന്നു മാസത്തിനുള്ളിൽ അപ്പീൽ നൽകണമെന്നാണ് നിയമവ്യവസ്ഥ. എന്നാൽ ഇവിടെ നോട്ടീസ് നൽകാതെയാണ് രജിസ്ട്രേഷൻ റദ്ദാക്കിയിരിക്കുന്നതെന്നതിനാൽ ആ ഉത്തരവിനെ നേരിട്ട് ഹൈക്കോടതിയില് ചോദ്യം ചെയ്യാവുന്നതാണ്.

* * * * * * * * *

## 3. പിഴയും നികുതിയും അടച്ച് കഴിഞ്ഞാൽ, പിന്നീട് അതിനെതിരെ അപ്പീൽ നിലനിൽക്കില്ലെന്ന് പറയുന്നത് ന്യായമാണോ?

**Q** : *ഞാൻ ജി.എസ്.ടി രജിസ്ട്രേഷനുള്ള ഒരു വ്യക്തിയാണ്. ഞാൻ വിറ്റചരക്ക് ഇൻവോയ്സും ഇ-മെയിലും സഹിതം ചരക്കു വാങ്ങിയ വ്യാപാരസ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ ജി.എസ്.ടി ഉദ്യോഗസ്ഥർ വാഹനം തടയുകയും ഇൻവോയ്സിലുള്ള ചില സാങ്കേതിക പിശകുകൾ ചൂണ്ടിക്കാട്ടി പിഴയും നികുതിയും അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി. ചൂണ്ടിക്കാട്ടിയ പിശകുകൾ നിലനിൽക്കുന്നവയല്ലെന്ന് കാണിച്ചുകൊണ്ട് വിശദീകരണം നൽകിയെങ്കിലും ചരക്കും വാഹനവും വിട്ടുനൽകാൻ ഉദ്യോഗസ്ഥൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ നികുതിയും പിഴയുമടച്ച് ചരക്കും വാഹനവും തിരിച്ചെടുക്കേണ്ടി വന്നു. പിഴചുമത്തിയ ഉത്തരവിനെതിരെ അപ്പീൽ നൽകിയെങ്കിലും പിഴയും നികുതിയും അടച്ചുകഴിഞ്ഞതിനാൽ അപ്പീൽ നിലനിൽക്കില്ലെന്ന് പറഞ്ഞ് അപ്പീൽ അധികാരി അപ്പീൽ നിരസിക്കുകയാണുണ്ടായത്. ഇത് ന്യായമാണോ?*

**(കെ. മോഹനൻ, കല്ലൂർ)**

**A** : ജി.എസ്.ടി നിയമപ്രകാരം ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന ഏതൊരുത്തരവിനെപ്പറ്റിയും വ്യാപാരിക്ക് ആക്ഷേപമുണ്ടെങ്കിൽ അതിനെതിരെ അപ്പീൽ നൽകാൻ ജി.എസ്.ടി നിയമം അനുവദിക്കുന്നുണ്ട്. അതിനാൽ പിഴയും നികുതിയും അടച്ചു എന്ന കാരണത്താൽ നിരസിക്കുന്നത് നിയമാനുസൃതമല്ല.●

## 10 മാസം കണ്ടെത്തിയത് 1.95 ലക്ഷംകോടിയുടെ ജി.എസ്.ടി. തട്ടിപ്പുകൾ

നടപ്പുസാമ്പത്തികവർഷം ഏപ്രിൽ മുതൽ ജനുവരിവരെ സെൻട്രൽ ജി.എസ്.ടി. അധികൃതർ കണ്ടെത്തിയത് 1.95 ലക്ഷം കോടി രൂപയുടെ ചരക്ക് സേവന നികുതിവെട്ടിപ്പുകൾ 25,397 കേസുകളിലായാണ് ഇത്രയുംതുകയുടെ ക്രമക്കേടുകൾ കണ്ടെത്തിയിരിക്കുന്നതെന്ന് ധനമന്ത്രാലയം വ്യക്തമാക്കുന്നു. ഈ വർഷം ജി.എസ്.ടി. ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസുകളിൽ 21,520 കോടി രൂപ ബന്ധപ്പെട്ടവർ സ്വന്തംനിലയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇൻപുട്ട്ടാക്സ് ക്രെഡിറ്റിലുള്ള തട്ടിപ്പുമായി ബന്ധപ്പെട്ട് ഈ സാമ്പത്തികവർഷം 13,018 കേസുകളെടുത്തിട്ടുണ്ട്. 46,472 കോടി രൂപയാണ് ഇതിലുൾപ്പെടുന്നത്.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ആകെ 86,711 ജി.എസ്.ടി. തട്ടിപ്പുകേസുകളാണ് എടുത്തിട്ടുള്ളത് ഇതുവഴി ആകെ ക്രമക്കേട് 6.79 എട്ടുലക്ഷംകോടി രൂപ വരുമെന്നും ധനമന്ത്രാലയം ലോക്സഭയിൽ അറിയിച്ചു. 2023-24 സാമ്പത്തികവർഷം 20,582 കേസുകളിലായി 2.30 ലക്ഷം കോടി രൂപയുടെ ക്രമക്കേടുകളായിരുന്നു കണ്ടെത്തിയത്.

# സ്വർണ്ണ വ്യാപാരികളുടെ പേടിസ്വപ്നമാണ് പോലീസിന്റെ അന്യായമായ സ്വർണ്ണറിക്കവറി





**അഡ്വ.എസ്.അബ്ദുൽ നാസർ,**
(ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ)

> “ അന്യായമായ റിക്കവറിക്ക് വേണ്ടിയാണ് വ്യാപാരിയെ കടയിൽ നിന്നും ഭീകരാന്തരീക്ഷം സൃഷ്ടിച്ചു പിടിച്ചു കൊണ്ടുപോയി ബന്ദിയാക്കുന്നത്. ”

**മോ**ഷ്ടാവിന്റെ മൊഴിയുടെ പേരിൽ റിക്കവറി നടത്താമെന്ന നിയമം ദുരുപയോഗം ചെയ്ത് സ്വർണ്ണ വ്യാപാരികളെ അന്യായമായി കേസിൽ കുടുക്കുക യാണ്.

കള്ളൻ തെളിച്ച വഴിയെ പോയി സ്വർണ്ണം റിക്കവറി നടത്തി എന്നാണ് എഴുതിപ്പിടിപ്പിച്ച മഹസർ റിപ്പോർട്ട് പോലീസ് കോടതിയിൽ ഹാജരാക്കുന്നത്. ശാസ്ത്രീയമായ ഒരു അന്വേഷണവും പോലീസ് നടത്താറില്ല. ന്യായമായ ഒരു റിക്കവറിക്കും പോലീസ് സ്വർണ വ്യാപാരിയെ കസ്റ്റഡിയിൽ എടുക്കേണ്ട ആവശ്യമില്ല. കേസിന്റെ മൊഴിപ്പകർപ്പും,നോട്ടീസും നൽകി വിളിച്ചാൽ ഏത് ജ്വല്ലറിക്കാരനും പോലീസ് സ്റ്റേഷനിലെത്തി നടപടിക്രമങ്ങളോടു സഹകരിക്കുന്ന താണ്. അന്യായമായ റിക്കവറിക്ക് വേണ്ടിയാണ് വ്യാപാരിയെ കടയിൽ നിന്നും ഭീകരാന്തരീക്ഷം സൃഷ്ടിച്ചു പിടിച്ചു കൊണ്ടുപോയി ബന്ദിയാക്കുന്നത്. പലപ്പോഴും പോലീസ് തയ്യാറാക്കുന്ന തിരക്കഥ അനുസരിച്ചാണ് റിക്കവറി നാടകം അരങ്ങേറുന്നത്. കള്ളൻ ഒരിക്കലും മോഷണം നടത്തി സ്വർണ്ണം കൊടുത്ത യഥാർത്ഥ കടയുടെ പേര് പറയാറില്ല. ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ മാത്രമാണ് പോലീസിനോട് പറയുന്നത്. ഇതും ദുരുപയോഗം ചെയ്താണ് പോലീസ് ഒട്ടുമിക്ക ജ്വല്ലറികളെയും കള്ളക്കേസിൽ കുടുക്കുന്നത്.

ഒരു മോഷ്ടാവിനെ കിട്ടിക്കഴിഞ്ഞാൽ എഫ്ഐ ആർ പോലും ഇല്ലാതെയാണ് പലപ്പോഴും റിക്കവറി നടത്താറുള്ളത്. 10ഗ്രാം മോഷണ സ്വർണത്തിന് വേണ്ടി 100 ഗ്രാം റിക്കവറി നടത്തുകയും, 5 ഗ്രാം കോടതിയിൽ ഹാജരാക്കുകയും ചെയ്യുന്ന സമീപനമാണ് മിക്ക പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഒരു കേസിൽ പല കടകളിൽ നിന്നായി പതിന്മടങ്ങ് സ്വർണ്ണമാണ് റിക്കവറി നടത്തുന്നത്.

നിരവധി സ്വർണ വ്യാപാരികളാണ് റിക്കവറി കേസുകളിൽ കുടുങ്ങി ആത്മഹത്യ ചെയ്തിട്ടുള്ളതും, കടകൾ അടച്ചുപൂട്ടി പോയിട്ടുള്ളതും.

റിക്കവറി കേസിൽ പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ സംസ്ഥാന പോലീസ് മേധാവി സർക്കുലർ ആയി ഇറക്കിയിട്ടുണ്ട്. ബഹു.ഹൈക്കോടതി പോലീസ് മേധാവിയുടെ സർക്കുലർ നടപ്പാക്കണം എന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പോലീസ് റിക്കവറിക്ക് വരുമ്പോൾ കടയുടെ സമീപത്തുള്ള പൊതുപ്രവർത്തകന്റെയും, അസോസിയേഷൻ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ ആയിരിക്കണം റിക്കവറി നടത്തേണ്ടതെന്ന മാനദണ്ഡങ്ങൾ ഒരിക്കലും പാലിക്കപ്പെടുന്നില്ല. പലപ്പോഴും സ്വർണ്ണ വ്യാപാരിയെ കസ്റ്റഡിയിലെടുത്ത് ബന്ദിയാക്കിയാണ് റിക്കവറി നടത്തുന്നത്.

അന്യായമായ റിക്കവറിയുടെ അവസാനത്തെ ഇരയാണ് ആലപ്പുഴ ജില്ലയിലെ മുഹമ്മ രാജി ജ്വല്ലറിയുടെ രാധാകൃഷ്ണൻ. ചെറിയൊരു ജ്വല്ലറിയും വർക്ക്ഷോപ്പും നടത്തി ഉപ ജീവനം നടത്തുന്ന രാധാകൃഷ്ണനെ കസ്റ്റഡിയിലെടുത്ത് വലിയ തൂക്കം സ്വർണം ആവശ്യപ്പെട്ടത്. ഒരു രാത്രി മുഴുവൻ പോലീസ് കസ്റ്റഡിയിൽ വെച്ചതിനുശേഷം ആണ്

# ഹോം നേഴ്സ്



വി.കെ രമേശൻ



വീട്ടിലേക്കൊരാൾ വന്നു
വീടപ്പോൾ തൂത്ത് വാരുകയായിരുന്നു
സുലോചനയെന്ന പെണ്ണ്.
സുലോചനയുടെ അപ്പൻ ഇട്ടി
തലയോലപ്പറമ്പ് പഞ്ചായത്തിലെ
കക്കൂസ് ടാങ്കുകളിൽ
വെള്ളം കോരി നിറയ്ക്കുന്ന
ഒരു സ്കാവഞ്ചറായിരുന്നു.

ഇട്ടി മരിച്ചപ്പോൾ പഞ്ചായത്ത്
പ്രസിഡന്റ് പഞ്ഞിക്കോടന്റെ വീട്ടിൽ
ഇട്ടിയുടെ മകൾ സുലോചനയ്ക്ക്
വീട്ടുവേലക്കാരിയായ്
അപ്പോയ്മെന്റ് ഓഡർ കിട്ടി.
അങ്ങനെ ഇരിക്കവെ ആണ്

സ്വീകരണമുറിയിൽ പ്രവേശിച്ച
വിരുന്നുകാരൻ അവളുടെ വിയർപ്പിൽ
പാലപ്പൂവ് ഗന്ധം തിരിച്ചറിഞ്ഞത്.

അതിഥി ദേവോ ഭവ:
സുലൂ,ആ ചൂല് ഇട്ടേച്ച് അടുക്കളയിൽ
കയറി ചായ വേഗം അനത്തൂ,
പിള്ളേരുടെ അച്ചന്റെ കൂട്ടുകാരനാണ്.

മാഡം പറഞ്ഞ മാത്രയിൽ
സുലു ചൂലിനെ ദിവാൻകോട്ടിൽ
ഡെഡ്സ്റ്റ് ബോഡിപോലെ കിടത്തി
മിൽമ പാൽ കവർ പൊട്ടിച്ചൊരു
ഉശിരൻ ചായ അനത്തി
കപ്പിൽ പകർന്നു
വിരുന്നുകാരന്റെ ചുണ്ടിൽ
വിസ്മയം തീർത്തു.

വിരുന്നുകാരനിൽ അനുഭൂതിയെന്ന
പ്രശ്നക്കാരൻ ആളിക്കത്തി
ചായക്കൊപ്പയിലൊരു കൊടുങ്കാറ്റ് വന്നു
കേറി
സുലുവിനെ
ഒരു ദ്വീപിലേക്ക്
എടുത്തുകൊണ്ടുപോയി
പട്ടാപ്പകൾ ഭോഗിച്ചു.

അഞ്ച് അഞ്ഞൂറിന്റ നോട്ടുകൾ
അവളുടെ ഞെരിഞ്ഞമർന്ന
കരിവളകൾക്കിടയിൽനിന്നും
അവൾ പെറുക്കിയെടുത്തു.

സണ്ണി പോയോ സുലൂ?
അകത്തേ മുറിയിൽനിന്നും മാഡം
ഒരശരീരിപോലെ ചോദിച്ചു.

ദിവാൻകോട്ടിൽ ചൂലിന് പകരം
ഒരു പഴം തുണിപോലെ
അവൾ കിടപ്പുണ്ടായിരുന്നു.
പോർച്ചിൽ കിടന്ന വിരുന്നുകാരന്റ
റെയ്ഞ്ച് റോവർ കാർ
മൂളക്കം മൂളി ദൂരേയ്ക്ക് കുതിച്ചു പായുന്ന
ഒച്ച കുറഞ്ഞ് കുറഞ്ഞു വന്നു.

---

റിക്കവറി സ്വർണത്തിന് വേണ്ടി കടയിൽ ഹാജരാക്കുന്നത്. രാധാകൃഷ്ണനെ കാസ്റ്റഡിയിൽ എടുക്കുമ്പോൾ ഭാര്യയോ മകനെയോ വിവരമറിയിച്ചില്ല. കസ്റ്റഡിയിൽവച്ച് വലിയതോതിൽ മർദ്ദനമേറ്റതായി മകൻ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ പറയുന്നു. രാധാകൃഷ്ണന്റെ മരണത്തിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ മാറ്റിനിർത്തി അന്വേഷണം നടത്തണ മെന്നും, 25 ലക്ഷം രൂപ ധനസഹായം നൽകണമെന്ന് ആവശ്യപ്പെടുന്നു.


ഓരോ വർഷവും കിലോ കണക്കിന് സ്വർണം റിക്കവറി നടത്തുന്നു. റിക്കവറി നടത്തുന്ന സ്വർണ്ണത്തിന്റെ ചെറിയൊരു അംശം മാത്രമാണ് കോടതികളിൽ തൊണ്ടിമുതലായി ഹാജരാക്കുന്നത്. റിക്കവറി നടത്തുന്നതനുസരിച്ചുള്ള കേസുകൾ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ ഉണ്ടോ എന്ന് അസോസിയേഷൻ സംശയിക്കുന്നു.

> “പലപ്പോഴും സ്വർണ്ണ വ്യാപാരിയെ കസ്റ്റഡിയിലെടുത്ത് ബന്ദിയാക്കിയാണ് റിക്കവറി നടത്തുന്നത്

ഒരു മോഷണക്കേസിൽ നിരവധി സ്വർണ വ്യാപാരികളിൽ നിന്നും റിക്കവറി നടത്തുന്നു. ഒരേ മോഷ്ടാവിനെ ഉപയോഗിച്ച് പല സ്റ്റേഷനുകളിൽ നിന്നും റിക്കവറി നടത്തുന്നവരും ഉണ്ട്.

വലിയ അഴിമതിയാണ് സ്വർണ റിക്കവറിയിൽ പോലീസ് നടത്തിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ 10 വർഷത്തെ പോലീസിൻറെ സ്വർണ റിക്കവറിയെക്കുറിച്ച് സമഗ്രമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്നു.●


Asha Sebastian Mattathil
"THE ARTIST JEWELLER"
A MATTATHIL INITIATIVE
M.O.D
SIGNATURE JEWELLERY
GOLD & DIAMONDS
Flagship Store : Main Avenue, Panampilly Nagar, Kochi. | Head Office : Pala, Kerala.
T:0484 4016 916 | M:+91 9061 007 070 | www.modsignature.com
BIS Hallmarked Jewellery
" 5 Generations of trust "


SL
SREELAKHMI INDUSTRIES
INDUSTRIAL DEVELOPMENT AREA
MUPPATHADAM P.O-683110
EDAYAR
ERNAKULAM DISTRICT-KERALA
sreelakshmi industries123@gmail.com
MOB: 9388605708, 8075731116
G. Krishnakumar
(propriteor)
MFG OF ALL TYEPS STEEL FURNITURE

# ജി.എസ്.ടി
# 'ഒറ്റത്തവണ തീർപ്പാക്കൽ' പ്രയോജനപ്പെടുത്താം



അഡ്വ. എം.ആർ. രാമചന്ദ്രൻ

**പൂർണ്ണമായും നികുതി അടയ്ക്കാൻ വിട്ടുപോവുക, ഭാഗികമായി നികുതി അടയ്ക്കുക, അസാധുവായ ക്രെഡിറ്റ് പ്രയോജനപ്പെടുത്തുക, തെറ്റായ രീതിയിൽ ക്രെഡിറ്റ് ഉപയോഗിക്കുക എന്നീ നാലുതരം തർക്ക വിഷയങ്ങളാണ് പ്രധാനമായും ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**




**ജൂ**ലൈ ഒന്നിനാണ് ഒരു രാഷ്ട്രം, ഒരു നികുതി എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഏകീകൃത ചരക്ക് സേവനനികുതി നടപ്പാക്കിയത്. അതിനുശേഷം നാം നേരിടേണ്ടിവന്ന വെല്ലുവിളികൾ ഏറെയാണ്. കോവിഡ് മഹാമാരിയും അത് നിയന്ത്രിക്കാനുള്ള തുടർന്നുണ്ടായ സാമ്പത്തിക മാന്ദ്യം എന്നീ പ്രതിസന്ധികളെ മറികടന്ന് ജി.എസ്.ടി നടപ്പാക്കുന്നതിൽ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. ഒരു പുതിയ നികുതി നിയമം നടപ്പാക്കുമ്പോൾ ഉണ്ടായേക്കാവുന്ന പിഴവുകൾ പടിപടിയായി തിരുത്തി മുന്നേറുന്നതിന്റെ മറ്റൊരു നാഴികക്കലാണ് ജി.എസ്.ടി ആംനസ്റ്റി സ്കീം 2024 എന്ന ഒറ്റത്തവണ പരിഹാര പദ്ധതി.

സങ്കീർണമായ പുതിയ പരോക്ഷ നികുതി ഘടനയിൽ, നികുതി ദായകർക്ക് പിഴവുകൾ ഉണ്ടാകും എന്നതിൽ രണ്ടു പക്ഷമില്ല. ഇത് മനസ്സിലാക്കി അത്തരം പിഴവുകൾ മൂലം ഉടലെടുത്തിട്ടുള്ള നിലവിലെ എല്ലാ ഡിമാൻഡ് നോട്ടീസുകൾക്കും (തട്ടിപ്പ് അല്ലാത്ത കേസുകൾക്ക് മാത്രം) അവയുടെ അപ്പീലുകൾക്കും മുഴുവൻ പലിശയും പിഴയും ഒഴിവാക്കിക്കൊണ്ട് തീർപ്പ് കൽപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പുതിയ പദ്ധതിയാണ് ഇത്. ജി എസ് ടി നിലവിൽ വന്നതും മുതലുള്ള ആദ്യ മൂന്നു സാമ്പത്തിക വർഷ കാലയളവിലെ കേസുകൾക്ക് മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ.

പൂർണ്ണമായും നികുതി അടയ്ക്കാൻ വിട്ടുപോവുക, ഭാഗികമായി നികുതി അടയ്ക്കുക, അസാധുവായ ക്രെഡിറ്റ് പ്രയോജനപ്പെടുത്തുക, തെറ്റായ രീതിയിൽ ക്രെഡിറ്റ് ഉപയോഗിക്കുക എന്നീ നാലുതരം തർക്ക വിഷയങ്ങളാണ് പ്രധാനമായും ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതിൽ പങ്കെടുക്കുന്നതിനായി ഡിമാൻഡ് നോട്ടീസിലെ മുഴുവൻ നികുതി തുകയും 2025 മാർച്ച് 31-നകം അടയ്ക്കുകയും 2025 ജൂൺ 30-നകം ഇളവ് അപേക്ഷ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതിനോടകം ഇതിലേക്കായി അടച്ച് പലിശയ്ക്കോ പിഴകൾക്കോ റീഫണ്ട് ഉണ്ടാകുന്നതല്ല.

ഓരോ ഡിമാൻഡ് നോട്ടീസിനും ഉത്തരവുകൾക്കും പ്രത്യേകം അപേക്ഷകൾ നൽകേണ്ടതുണ്ട്. കൂടാതെ, ഏതെങ്കിലും അപ്പീൽ അല്ലെങ്കിൽ റിട്ട് പെറ്റീഷൻ തീർപ്പുകല്പ്പിക്കാതെ നിലനിൽക്കുന്ന സാഹചര്യം നിലവിലുണ്ടെങ്കിൽ ഒരു മാസത്തിനുള്ളിൽ അവ പിൻവലിച്ച രേഖ സമർപ്പിക്കേണ്ടതുമാണ്. തെറ്റായ റീഫണ്ടുകൾക്കും സമയപരിധി പാലിക്കാതെ എടുത്തിട്ടുള്ള ഇൻപുട്ട്ടാക്സ് ക്രെഡിറ്റുകൾക്കും ഈ സ്കീം ബാധകമല്ല. അതുപോലെ ഇതുപ്രകാരം തീർപ്പുകൽപ്പിക്കുന്ന ഉത്തരവുകൾക്കെതിരേ അപ്പീൽ നൽകാൻ സാധിക്കുന്നതുമല്ല.

നിർദ്ദിഷ്ട ഫോമുകളിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഇതിനകം അടച്ച തുക ക്രമീകരിക്കുന്നതിന് പ്രത്യേക അപേക്ഷ ഫയൽ ചെയ്യേണ്ടതാണ്. നികുതി നൽകുന്നതിന് ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് ഉപയോഗപ്പെടുത്താവുന്നതാണ്.

2017-18 മുതൽ 2019-20 വരെയുള്ള മൂന്നു സാമ്പത്തിക വർഷത്തെ കേസുകൾ (പലിശയും പിഴയും കൂടാതെ) തീർപ്പുകല്പ്പിക്കുന്നതിനാണ് ഈ പ്രത്യേക അവസരമൊരുക്കിയിരിക്കുന്നത്.

(ശേഷം 31-ാം പേജിൽ)



# GST നിയമത്തിലെ ഏറ്റവും പുതിയ മാറ്റങ്ങൾ

(മുൻലക്കം തുടർച്ച......)




**കെ.എസ്. ഹരിഹരൻ**
(അഡ്വക്കേറ്റ്, കേരള ഹൈക്കോടതി)


## ഡിപ്പാർട്ട്മെന്റ് അപ്പീൽ പരിഗണനയിൽ ഇരിക്കുമ്പോഴും സെക്ഷൻ 128എ യുടെ ആനുകൂല്യം കൈപ്പറ്റാം, നിബന്ധനയ്ക്കു വിധേയമായി :

സെക്ഷൻ 128എ(1)ന്റെ രണ്ടാം പ്രൊവൈസോ താഴെ പറയുന്നതുപോലെ വ്യവസ്ഥ ചെയ്യുന്നു:

താഴെ പറയുന്ന മൂന്നിൽ ഏതെങ്കിലും ഉത്തരവിന്/ നിർദ്ദേശത്തിന് എതിരെ:

- സെക്ഷൻ 128എ(1)(ബി)ൽ പ്രതിപാദിച്ചിരിക്കുന്ന ഒരു ഉത്തരവിനെതിരെയോ (പ്രോപ്പർ ഓഫീസറുടെ ഉ ത്തരവിനെതിരെ) അല്ലെങ്കിൽ
- സെക്ഷൻ 128എ(C)ൽ പ്രതിപാദിച്ചിരിക്കുന്ന ഒരു ഉത്തരവിനെതിരെയോ (അപ്പലേറ്റ് അതോറിറ്റിയുടെയോ അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഉത്തരവിനെതിരെ) അല്ലെങ്കിൽ
- സെക്ഷൻ 128എ(1)ന്റെ ആദ്യ പ്രൊവൈസോയിൽ പ്രതിപാദിച്ചിരിക്കുന്ന അപ്പലേറ്റ് അതോറിറ്റിയുടെ/ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ/കോടതിയുടെ നിർദ്ദേശത്തിനെതിരെയോ (സെക്ഷൻ 75(2) നൽകുന്ന അധികാരങ്ങൾ ഉപയോഗിച്ച് ഒരു സെക്ഷൻ 74(1) നോട്ടീസിനെ സെക്ഷൻ 73(1) നോട്ടീസ് ആക്കിമാറ്റാനുള്ള നിർദ്ദേശത്തിനെതിരെ)

താഴെ പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ,

- സെക്ഷൻ 107(3)നു കീഴിലെ ഒരു അപേക്ഷ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ (കമ്മീഷണറുടെ ഉത്തരവിനെത്തുടർന്ന് കമ്മീഷണർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപ്പലേറ്റ് അതോറിറ്റിയ്ക്കു മുമ്പാകെ സമർപ്പിക്കുന്ന അപ്പീലിനു സമാനമായ അപേക്ഷയാണ് സെക്ഷൻ 107(3)നു കീഴിലെ അപേക്ഷ)

  അല്ലെങ്കിൽ
- സെക്ഷൻ 112(3)നു കീഴിലെ ഒരു അപേക്ഷ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ (കമ്മീഷണറോ കമ്മീഷണർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഏതെങ്കിലും അപ്പലേറ്റ് ഉത്തരവിനോ റിവിഷണൽ ഉത്തരവിനോ എതിരെ അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിക്കുന്ന അപ്പീലിനു സമാനമായ അപേക്ഷയാണ് സെക്ഷൻ 112(3)നു കീഴിലെ അപേക്ഷ) അല്ലെങ്കിൽ
- സെക്ഷൻ 117(1)നു കീഴിൽ ഒരു സെൻട്രൽ ടാക്സ് ഓഫീസർ ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുള്ള സാഹചര്യങ്ങളിൽ (അപ്പലേറ്റ് ട്രൈബ്യൂണലിൻറെ സംസ്ഥാന ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിൽ ഒരു കാതലായ നിയമസംബന്ധിയായ ചോദ്യം ഉൾപ്പെടുന്നുണ്ടെങ്കിൽ ബാധിത വ്യക്തിയ്ക്ക് ഹൈക്കോടതി മുമ്പാകെ സമർപ്പിക്കാവുന്ന അപ്പീൽ ആണ് സെക്ഷൻ 117(1)നു കീഴിലെ അപ്പീൽ)

  അല്ലെങ്കിൽ
- സെക്ഷൻ 118(1)നു കീഴിൽ ഒരു സെൻട്രൽ ടാക്സ് ഓഫീസർ ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുള്ള സാഹചര്യങ്ങളിൽ (അപ്പലേറ്റ് ട്രൈബ്യൂണലിൻറെ പ്രിൻസിപ്പൽ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെയോ സെക്ഷൻ 117നു കീഴിൽ സമർപ്പിച്ച അപ്പീലിൽ ഒരു ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെയോ സുപ്രീം കോടതി മുമ്പാകെ സമർപ്പിക്കപ്പെടാവുന്ന അപ്പീൽ ആണ് സെക്ഷൻ 118(1)നു കീഴിലുള്ള അപ്പീൽ)

  അല്ലെങ്കിൽ
- സെക്ഷൻ 108(1)നു കീഴിൽ എന്തെങ്കിലും നടപടിക്രമങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ (ഒരു ഉത്തരവ് പുനപരിശോധിക്കാനുള്ള റിവിഷണൽ അതോറിറ്റിയുടെ നടപടിക്രമങ്ങളാണ് സെക്ഷൻ 108(1)നു കീഴിലെ നടപടിക്രമങ്ങൾ)

താഴെ പറയുന്ന നിബന്ധനയ്ക്ക് വിധേയമായിട്ടു മാത്രമേ സെക്ഷൻ 128എ(1)നു കീഴിൽ പണമടയ്ക്കുമ്പോൾ നടപടിക്രമങ്ങൾ പരിസമാപ്തിയിലെത്തിയതായി കണക്കാക്കാൻ പാടുള്ളൂ:

പ്രൊവൈസോ 2ലെ നിബന്ധന: മേൽപ്പറഞ്ഞ അപേക്ഷയിന്മേൽ/ അപ്പീലിന്മേൽ/ നടപടിക്രമത്തിന്മേൽ അപ്പലേറ്റ് അതോറിറ്റിയോ അപ്പലേറ്റ് ട്രൈബ്യൂണലോ കോടതിയോ റിവിഷണൽ അതോറിറ്റിയോ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ബന്ധപ്പെട്ട നികുതിബാധക വ്യക്തി എന്തെങ്കിലും അധിക നികുതിത്തുക അടയ്ക്കേണ്ടതായി വരികയാണെങ്കിൽ, ആ വ്യക്തി, ആ ഉത്തരവ് പുറപ്പെടു

വിക്കപ്പെടുന്ന തീയതി മുതൽ മൂന്നു മാസങ്ങൾക്കുള്ളിൽ അടയ്ക്കും.

## അടച്ചുകഴിഞ്ഞ പലിശയും പെനാൽറ്റിയും തിരികെകിട്ടാൻ സെക്ഷൻ 128എ സഹായിക്കുകയില്ല :

സെക്ഷൻ 128എ(1)ന്റെ മൂന്നാം പ്രൊവൈസോ പ്രകാരം സെക്ഷൻ 128എ(1)ലും സെക്ഷൻ 128എ(1)യുടെ ആദ്യ പ്രൊവൈസോയിലും രണ്ടാം പ്രൊവൈസോയിലും പറഞ്ഞ സാഹചര്യങ്ങളിൽ അടയ്ക്കേണ്ടതായ പലിശയും പെനാൽറ്റിയും അടച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ, അത് തിരികെ റീഫണ്ട് ചെയ്ത് ലഭിക്കുന്നതല്ല.

## ജി.എസ്.ടി അപ്പലേറ്റ് ട്രൈബ്യൂണൽ അപ്പീലിന്റെ അവസാന തീയതി സർക്കാരിന് തീരുമാനിക്കാം :

ജി.എസ്.ടി അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാനുള്ള അവസാന തീയതി ജി.എസ്.ടി കൗൺസിലിന്റെ ശുപാർശകളിന്മേൽ സർക്കാരിന് തീരുമാനിച്ച് നോട്ടിഫിക്കേഷനിലൂടെ പ്രഖ്യാപിക്കാം എന്ന് പറയുന്ന ഭേദഗതികൾ CGST ആക്റ്റിന്റെ സെക്ഷൻ 112ൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു. 01-11-2024 എന്ന തീയതി എത്തുന്നത് മുതൽ, 01-08-2024 മുതൽക്ക് മുൻകാല പ്രാബല്യത്തോടെ ഈ ഭേദഗതികൾ പ്രാബല്യത്തിൽ വരുന്നതാണ്.

## അപ്പീൽ ഡെപ്പോസിറ്റ് തുകകൾ കുറച്ചു:

അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപ്പീലിന്റെ പരമാവധി ഡെപ്പോസിറ്റ് തുക സി.ജി. എസ്. ടി യ്ക്ക് 25 കോടി രൂപയിൽനിന്നും 20 കോടി രൂപയാക്കി കുറച്ചു, IGSTയ്ക്ക് 50 കോടി രൂപയിൽനിന്നും 40 കോടി രൂപയാക്കി കുറച്ചു. 01-11-2024 മുതൽക്കാണ് ഈ ഡെപ്പോസിറ്റ് തുക കുറയ്ക്കൽ പ്രാബല്യത്തിൽ വന്നത്.

ജി.എസ്.ടി ട്രൈബ്യൂണൽ മുമ്പാകെയുള്ള അപ്പീലിന്റെ ഡെപ്പോസിറ്റ് തുക 20%ൽ നിന്നും 10% ആക്കി കുറച്ചു. പരമാവധി ഡെപ്പോസിറ്റ് തുക CGSTയ്ക്ക് 50 കോടി രൂപയിൽനിന്നും 20 കോടി രൂപയാക്കി കുറച്ചു, IGST യ്ക്ക് 100 കോടി രൂപയിൽനിന്നും 40 കോടി രൂപയാക്കി കുറച്ചു. 01-11-2024 എന്ന തീയതി എത്തുന്നതുമുതൽ 01-08-2024 മുതൽക്ക് ഈ ഡെപ്പോസിറ്റ് തുക കുറയ്ക്കൽ പ്രാബല്യത്തിൽ വരുന്നതാണ്.

## സെക്ഷൻ 51നു കീഴിൽ TDS ഡിഡക്റ്റ് ചെയ്യേണ്ടവർ എല്ലാ മാസത്തേയും സംബന്ധിക്കുന്ന TDS റിട്ടേൺ സമർപ്പിക്കണം:

മുമ്പ് നിലനിന്നിരുന്ന നിയമപ്രകാരം, CGST ആക്റ്റിന്റെ സെക്ഷൻ 51നു കീഴിൽ ടി.ഡി.എസ് കുറയ്ക്കാൻ ബാധ്യസ്ഥരായിരുന്ന രജിസ്റ്റേഡ് വ്യക്തികൾ, ടി.ഡി.എസ് കുറയ്ക്കുന്ന മാസങ്ങളെ സംബന്ധിച്ച് മാത്രം ടി.ഡി.എസ് റിട്ടേൺ സമർപ്പിച്ചാൽ മതിയായിരുന്നു. 01-11-2024 മുതൽക്ക് പ്രാബല്യത്തോടെ സി.ജി.എസ്.ടി ആക്റ്റിലെ സെക്ഷൻ 39(3)ൽ വരുത്തപ്പെട്ട ഭേദഗതിയിലൂടെ, സെക്ഷൻ 51നു കീഴിൽ ടി.ഡി.എസ് ഡിഡക്റ്റ് ചെയ്യേണ്ടവർ എല്ലാമാസത്തേയും സംബന്ധിക്കുന്ന ടി.ഡി.എസ് റിട്ടേൺ സമർപ്പിക്കണം, ആ മാസത്തിൽ ടി.ഡി.എസ് കുറയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും.

ബന്ധപ്പെട്ട മാസം പൂർത്തിയായി 10 ദിവസത്തിനുള്ളിൽ ടി.ഡി.എസ് റിട്ടേൺ സമർപ്പിക്കണം എന്ന സെക്ഷൻ 39(3)ലെ നിഷ്ക്കർഷ നീക്കം ചെയ്യപ്പെട്ടിട്ടുണ്ട്. പകരം, ടി.ഡി.എസ് റിട്ടേൺ സമർപ്പിക്കേണ്ട തീയതി സർക്കാരിന് റൂൾസിലൂടെ പ്രഖ്യാപിക്കാം എന്ന് ആക്കപ്പെട്ടിരിക്കുന്നു.

ഇനിയും കുറച്ചേറെ ഭേദഗതികൾ ജി.എസ്.ടി നിയമത്തിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ട്. ഒരു നികുതിദായകനെ സംബന്ധിച്ച് ഏറ്റവും പ്രസക്തമായത് എന്ന് ഈ ലേഖകന് തോന്നിയ ഒരുപിടി ഭേദഗതികളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. കൂടുതൽ വിശദമായി ഈ ഭേദഗതികളെക്കുറിച്ച് പഠിക്കാൻ ആഗ്രഹിക്കുന്ന വായനക്കാർക്ക്, ജി.എസ്.ടി ആക്റ്റുകളും ഫിനാൻസ് (നം.2) ആക്റ്റ്, 2024ഉം നോട്ടിഫിക്കേഷൻ നം. 17/2024CTയും ഒന്നിച്ച് അരികിൽ വെച്ച് താരതമ്യം നടത്തി പഠിക്കുന്നത് ഉപകാരപ്പെടും എന്ന് ഈ ലേഖകൻ അഭിപ്രായപ്പെടുന്നു.

നിയമം അറിയില്ല എന്നത് ഒരു ഒഴികഴിവായി പരിഗണിക്കാത്ത നിയമവ്യവസ്ഥയാണ് ഇന്ത്യയിലേത്. അതിനാൽ നിയമം മാറിക്കൊണ്ടിരിക്കുമ്പോൾ നിയമത്തെപ്പറ്റിയുള്ള നമ്മുടെ അറിവും പുതുക്കിക്കൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. ഏവർക്കും ജി.എസ്.ടി നിയമത്തിൽ സമയാസമയം വരുന്ന മാറ്റങ്ങളെ വീക്ഷിക്കുകയും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യാനും അവയുടെ പ്രയോജനം നേടാനും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.●

## ഭാരതം അമിത തീരുവ ചുമത്തുന്നുവെന്ന് ആവർത്തിച്ച് യു.എസ്.

**അ**മേരിക്കൻ മദ്യത്തിന് ഭാരതം 150% തീരുവ ചുമത്തുന്നുവെന്ന് വൈറ്റ്ഹൗസ് മാധ്യമ സെക്രട്ടറി കരോളിൻ ലെവിറ്റ്. വിവിധ രാജ്യങ്ങൾ അമേരിക്കൻ ഉത്പന്നങ്ങൾക്ക് ചുമത്തുന്ന തീരുവയെക്കുറിച്ച് സംസാരിക്കുമ്പോഴായിരുന്നു കരോളിൻ ലെവിറ്റിന്റെ പരാമർശം.

വർഷങ്ങളായി കാനഡ അമേരിക്കയ്ക്ക് മേൽ ചുമത്തുന്ന തീരുവ ഭയാനകമാണ്. അമേരിക്കൻ ചീസിനും ബട്ടറിനും കാനഡ 300% തീരുവയാണ് ചുമത്തുന്നത്. ഭാരതത്തിന്റെ കാര്യമാണെങ്കിൽ യു.എസ്. മദ്യത്തിന് 150% തീരുവയാണ് ചുമത്തുന്നത്. അമേരിക്കയുടെ കാർഷിക ഉത്പന്നങ്ങൾക്ക് 100% തീരുവയാണ് ചുമത്തുന്നത്. ജപ്പാനാകട്ടെ 700% തീരുവ അരിക്ക് ചുമത്തുന്നു. വ്യാപാരം ന്യായവും സന്തുലിതവുമായിരിക്കണമെന്നാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കാഴ്ചപ്പാടെന്നും അവർ പറഞ്ഞു.

ഇതിന്റെ തുടർച്ചയാണ് വിവിധ രാജ്യങ്ങൾ തങ്ങൾക്കുമേൽ ചുമത്തുന്ന തിരുവയെക്കുറിച്ച് അവർ പറഞ്ഞത്. അമേരിക്കൻ വ്യാവസായങ്ങളുടേയും തൊഴിലാളികളുടേയും താത്പര്യം സംരക്ഷിക്കുന്ന പ്രസിഡന്റ് ഇപ്പോൾ തങ്ങൾക്കുള്ളതെന്നും അവർ അവകാശപ്പെട്ടു.


Hotel
Midhuna
INTERNATIONAL
* 24 Hour Room Service
* A/C Bed Room
* A/C Banquet Hall
* A/C Conference Hall
* Roof Garden Restaurant
* Safe Deposit Lockers
* In-House Laundry
* Coffee Maker * Mini Fridge
* Multi-Cuisine Restaurant
* Well Equipped Conference Hall with LED Projector & Wifi
* Speciality Restaurant
* Coffee Shop
* Left Luggage Room
* Travel Desk
A HEAVEN AWAY FROM HEAVEN !
ENATHU, KOTTARAKARA, ADOOR - ROAD, PATHANAMTHITTA (DIST.) KERALA
PH: +914734 213333, 6238099473, Email: mail@hotelmidhuna.com


Since 1981
CB emmporium
NOORANAD | THIRUVALLA
96568 20002
81398 88446
BRANCHES: MAHE | DUBAI
ഇവിടെ എല്ലാം ഓൺലൈൻ വിലയേക്കാൾ കുറവ്
DISTRIBUTORS & DEALERS IN
SANITARY WARE | PLUMBING FITTING
ELECTRICAL ACCESSORIES | FURNITURE
KITCHEN APPLIANCES | SINK | FANCY LIGHTS
MODULAR KITCHEN | INTERIORS | HOME APPLIANCES
Jaquar
JOHNSON BATHWARE
GROHE
HAVELLS
Crompton
BOSCH
legrand
Finolex

# സംസ്ഥാനത്തിന്റെ നികുതി വിഹിതം കുറയ്ക്കാൻ കേന്ദ്രം

## കേരളം സുപ്രീം കോടതിയെ സമീപിച്ചിട്ടും രക്ഷയില്ല




വായ്പാപരിധി വെട്ടുന്നതിനും നികുതിവിഹിതം കുറയ്ക്കുന്നതിനും കേന്ദ്ര സർക്കാരിനെതിരെ കേരളം സുപ്രീം കോടതിയെ സമീപിച്ചിട്ടും രക്ഷയില്ല. സംസ്ഥാനങ്ങൾക്കുള്ള നികുതിവിഹിതം വീണ്ടും കുറയ്ക്കാനാണ് കേന്ദ്ര നീക്കം.

കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്നമൊത്തം നികുതിയിൽ 41 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്കെല്ലാം കൂടി നൽകുന്നത്. ബാക്കി 59 ശതമാനം കേന്ദ്രസർക്കാൽ എടുക്കും അടുത്ത വർഷം മുതൽ ഇത് 40ശതമാനം ആയി കായ്ക്കാനാണ് നീക്കം. 60ശതമാനം കേന്ദ്രവും എടുക്കും. കിട്ടുന്ന നികുതി 50 % വീതം തുല്യമായി പങ്കുവയ്ക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടത്.

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ശുപാർശകൾ ഈ വർഷം ഒക്ടോബർ 31 ന് കമ്മിഷൻ കേന്ദ്രത്തിനുനൽകും. അതിനു മു ന്നോടിയായി നികുതിവിഹിതം 40 ശതമാനമായി കുറയ്ക്കണമെന്ന നിർദേശം കമ്മിഷനുമുന്നിൽ കേന്ദ്രം വച്ചേക്കും.

രാജ്യത്തെ മൊത്തം സർക്കാർ പദ്ധതിച്ചെലവുകളിൽ 60 ശതമാനവും വഹിക്കുന്നത് സംസ്ഥാനങ്ങളാണ്. ആരോഗ്യ അടിസ്ഥാന സൗകര്യ വികസനമേഖലകളിലാണ് കൂടുതൽ. ജി.എസ്.ടി നടപ്പാക്കിയതോടെ സംസ്ഥാനങ്ങളുടെ നേരിട്ടുള്ള നികതിവരുമാനം കുറഞ്ഞിരുന്നു. സെസ്, സർചാർജ് വരുമാനങ്ങൾ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതിമല്ലെന്നതിനാൽ സെസുകളും സർചാർജുകളും കൂട്ടുകയാണ് കേന്ദ്രം ചെയ്തത്.

### കേന്ദ്രം ലാഭിക്കുക 35,000 കോടി

1980 ൽ മൊത്തം നികുതിയുടെ 20ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് നൽകിയിരുന്നതെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. ഇതിനാണ് പിന്നീട് 42 ശതമാനത്തിലേക്ക് ഉയർത്തിയത്. കഴിഞ്ഞ ധനകാര്യക മിഷനിൽ അത് 41 ശതമാനം ആയി കുറച്ചു. ഇത്തവണ വിണ്ടും 40 ശതമാനമായി കുറയ്ക്കാനാണ് നീക്കം.ഒരു ശതമാനം കുറയ്ക്കുമ്പോൾ കേരളത്തിന് 12000കോടിയോളം രൂപയുടെ കുറവാണുണ്ടാവുക. സംസ്ഥാനങ്ങൾക്കുള്ള വിഹിതം ഒരുശതമാനം കുറച്ചാൽ വർഷംശരാശരി 35,000 കോടി രൂപലാഭിക്കാൻ കേന്ദ്രത്തിന് കഴിയും.

കേന്ദ്രം പിരിക്കുന്ന നികുതികൾ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതിന് ഓരോ സംസ്ഥാനത്തിന്റെയും ജനസാന്ദ്രത കൂടി മാനദണ്ഡമാക്കമെന്ന് 16-ാം ധനകാര്യകമ്മിഷൻ അദ്ധ്യക്ഷൻ അരവിന്ദ് പനഗാരിയയോട് കേരളം ആവശ്യപ്പെട്ടിരുന്നു. അതിനു വിരുദ്ധമായി നികുതി വിഹിതം വെട്ടിക്കുറയ്ക്കാനാണ് നീക്കം

## അഖിലേന്ത്യ സിവിൽ സർവ്വീസ് ടൂർണമെന്റ്

## ജി.എസ്.ടി താരങ്ങൾക്ക് മികച്ച നേട്ടം



ചണ്ഡിഗറിൽ വച്ചു നടന്ന അഖിലേന്ത്യാ സി വിൽ സർവീസ് ടൂർണമെന്റിൽ 4*400 മീറ്റർ റിലേയിൽ ഓപ്പൺ കാറ്റഗറിയിൽ നിന്നും വെങ്കല മെഡൽ നേടിയ ശ്രി. ജിനിവ് പ്രകാശ്, ഐ. ജെ ആന്റണി, എം. ജെ. (Right side) ശ്രീ. ജിനിവ്. സംസ്ഥാന ജി.എസ്.ടി വകുപ്പിലെ കാട്ടാക്കട ഓഡിറ്റ് ഡിവിഷൻ ഓഫീസിലെ സീനിയർ ഓഡിറ്റ് അസിസ്റ്റന്റും, (Left side)ശ്രീ. ആന്റണി, സംസ്ഥാന ജി.എസ്.ടി വകുപ്പിലെ തൃശൂർ ഇന്റലിജിൻസ്, യൂണിറ്റ് IIലെ, അസിസ്റ്റന്റ് ഇന്റലിജിൻസ് ഓഫീസർ ആണ്.

# ടാക്സ് പ്രാക്ടീഷണർമാർ അവഗണിക്കപ്പെടുമ്പോൾ....!





**കെ.ആർ.മുരളീധരൻ**
(ഇരിങ്ങാലക്കുട)

**വ്യ**വസായ-വാണിജ്യ-നികുതി മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ സസൂക്ഷ്മം പഠിച്ച് നിയമം അനുശാസിക്കുന്ന വിധത്തിൽ വ്യാപാരം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പ്രായോഗികനിർദ്ദേശങ്ങൾ നൽകി പ്രതിമാസം അവരുടെ കണക്കുകൾ പരിശോധിച്ചും റിട്ടേണുകൾ തയ്യാറാക്കിയും അതുപ്രകാരം സർക്കാരിലേക്കുള്ള നികുതി പൂർണ്ണമായും ഖജനാവിലെത്തിക്കുന്ന പ്രൊഫഷണലുകളാണ് ടാക്സ് പ്രാക്ടീഷണർമാർ.

1963-ൽ നിലവിൽവന്ന കേരള പൊതുവിൽപ്പന നികുതിനിയമം മുതൽ നിയമവിധേയമായി ലൈസൻസ് ലഭിച്ച് പ്രാക്ടീസ് ചെയ്തുവരുന്ന സെയിൽസ് ടാക്സ് പ്രാക്ടീഷണർമാർ ജി.എസ്.ടി. നിയമത്തിൻ കീഴിൽ (GST Act 2017 (Sec.48) പ്രകാരവും തുടർന്ന് പ്രാക്ടീസ് ചെയ്തുവരുന്നു. സർക്കാർ ഖജനാവിലേക്ക് ഒഴുകുന്ന നികുതിയുടെ സിംഹഭാഗവും ജി.എസ്.ടി. വരുമാനമാണെന്നിരിക്കെ ഈ നികുതി സമാഹരണത്തിൽ സ്വയം തൊഴിൽ കണ്ടെത്തുകയും ഖജനാവിലേക്ക് പൂർണ്ണമായും യഥാസമയം നികുതി സമർപ്പിക്കുവാൻ പ്രവർത്തിച്ചുവരുന്ന ഈ വിഭാഗം എക്കാലവും അവഗണന നേരിടുന്ന പ്രൊഫഷണലുകളാണ്.

**നികുതി സമർപ്പിക്കുവാൻ പ്രവർത്തിച്ചുവരുന്ന ഈ വിഭാഗം എക്കാലവും അവഗണന നേരിടുന്ന പ്രൊഫഷണലുകളാണ്.**

ടാക്സ് പ്രാക്ടീഷണർമാർക്ക് നാളിതുവരെ സർക്കാർതലത്തിലോ ഡിപ്പാർട്ട്മെന്റ് തലത്തിലോ വേണ്ടതായ അംഗീകാരമോ പരിഗണനയോ മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനോ മാറിഭരിച്ചുകൊണ്ടിരിക്കുന്ന ഭരണകൂടങ്ങൾ ശ്രമിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യം മാത്രം. കേവലം നികുതി നിയമം കൊണ്ടോ, നികുതി വകുപ്പുതല മേധാവികളെ കൊണ്ടോ സർക്കാർ ഖജനാവിൽ ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്നതായ നികുതി സമാഹരണം നടപ്പിലാക്കുവാൻ കഴിയില്ല എന്ന വസ്തുത ഇവിടെ നിലനിൽക്കുന്ന നിയമങ്ങൾ അറിയുന്ന ഏതൊരു വ്യക്തിക്കും ബോദ്ധ്യമാണ്. സർക്കാരിനും വ്യാപാരവ്യവസായ വാണിജ്യമേഖലകൾക്കിടയിലുമായി നികുതിമേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയ ടാക്സ് പ്രാക്ടീഷണർമാർ, അവരുടെ ഓഫീസുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ, അവരെ ആശ്രയിച്ചുകഴിയുന്ന ലക്ഷത്തിൽപരം കുടുംബാംഗങ്ങൾ എന്നിവരെ സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നത് ഈ ജനാധിപത്യത്തിൽ ഭൂഷണമല്ല. യാതൊരു ആനുകൂല്യങ്ങളുമില്ലാതെ സർക്കാർ ഖജനാവ് നിറയ്ക്കുന്ന ഈ വിഭാഗം സമൂഹത്തിൽ സംരക്ഷിക്കപ്പെടേണ്ടവരാണ്.

വ്യാപാരമേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയ ഈ വിഭാഗക്കാരുടെ നിലനിൽപ്പിനായി മറ്റു സംസ്ഥാനങ്ങളിലെപ്പോലെ കേരളത്തിലും വ്യാപാരികളും ടാക്സ് പ്രൊഫഷണൽസും ഒരു കുടക്കീഴിൽ ഒരുമിച്ച് പ്രവർത്തിക്കേണ്ട സമയം ഈ കാലഘട്ടത്തിൽ ആസന്നമായിരിക്കുന്നു.

**വ്യാപാരികളും ടാക്സ് പ്രൊഫഷണൽസും ഒരു കുടക്കീഴിൽ ഒരുമിച്ച് പ്രവർത്തിക്കേണ്ട സമയം ആസന്നമായിരിക്കുന്നു**

ജി.എസ്.ടി. നിയമം നടപ്പിലാക്കി ഇക്കാലമത്രയും തൊഴിൽ സാധ്യത മന്ദീഭവിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ വിഭാഗത്തിന്റെ തൊഴിൽ സംരക്ഷണത്തിനും നിലനിൽപ്പിനുമായി ഏതാനും നിർദ്ദേശങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**ചെറുകിട വ്യാപാരികൾക്കായി അരശതമാനം നികുതിയിൽ ഒരു പ്രത്യേക കോമ്പോസിഷൻ സ്കീം നടപ്പിലാക്കി രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക**

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. ടാക്സ് പ്രാക്ടീഷണർമാർക്കായി 'ഒരു കൺട്രോൾ ബോഡി' നടപ്പിലാക്കുക. നിലവിൽ ചാർട്ടേഡ് അക്കൗണ്ടൻസിനും കോസ്റ്റ് അക്കൗണ്ടൻസിനും കമ്പനി സെക്രട്ടറി മാർക്കും ഇത്തരത്തിൽ കൺട്രോൾ ബോഡി യുണ്ട്.
2. നിലവിൽ ചാർട്ടേഡ് അക്കൗണ്ടൻസിനും കോസ്റ്റ് അക്കൗണ്ടൻസിനും കമ്പനി സെക്രട്ടറിമാർക്കും കോർപ്പറേറ്റ് ഓഡിറ്റ് അധികാരം (Audit u/s 44 AB) നിലനിൽക്കുന്ന സാഹചര്യത്തിൽ കോർപ്പറേറ്റ് വിഭാഗത്തിൽ പ്പെടാത്ത മറ്റു സ്ഥാപനങ്ങളുടെ ഓഡിറ്റ് സർട്ടിഫൈ ചെയ്യുന്നതിനുള്ള അധികാരം 25 വർഷം പൂർത്തിയാക്കിയ രജിസ്റ്റേർഡ് ഇൻകം ടാക്സ് പ്രാക്ടീഷണർക്കു കൂടി ലഭ്യമാക്കുന്നതിന് നിയമ വ്യവസ്ഥയിൽ ഭേദഗതി വരുത്തുക.
3. 25 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന ടാക്സ് പ്രൊഫഷണലുകളെ നികുതിവകുപ്പിൽ ഒഴിവുവരുന്ന ഓഫീസർ ഗ്രേഡ് തസ്തികയിലേക്ക് പരിഗണിക്കുക. നിയമനത്തിൽ ഈ വിഭാഗങ്ങൾക്കായി ഒരു നിശ്ചിത റിസർവേഷൻ ഉറപ്പുവരുത്തുക.
4. സർക്കാർ തലത്തിൽ ഇതര വിഭാഗങ്ങൾക്ക് നടപ്പിലാക്കുന്ന ക്ഷേമനിധിയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഈ വിഭാഗങ്ങൾക്കും നടപ്പിലാക്കുക.
5. ജി.എസ്.ടി. നിയമം നടപ്പിലാക്കിയപ്പോൾ 40 ലക്ഷം വിൽപ്പനപരിധിയിലുള്ള ചെറുകിട വ്യാപാരികളെ രജിസ്ട്രേഷൻ പരിധിയിൽനിന്നും ഒഴിവാക്കിയതുമൂലം ബാങ്ക് വായ്പകൾ ലഭിക്കാതെയും മറ്റു സാങ്കേതിക തടസ്സങ്ങളും മൂലം വ്യാപാരം ഉപേക്ഷിക്കേണ്ടി വന്ന വ്യാപാരികൾ നിരവധിയാണ്. ഇത്തരം ചെറുകിട വ്യാപാരികൾക്കായി അരശതമാനം നികുതിയിൽ ഒരു പ്രത്യേക കോമ്പോസിഷൻ സ്കീം നടപ്പിലാക്കി രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക. ഇത്തരം കോമ്പോസിഷൻ സ്കീം നടപ്പിലാക്കുമ്പോൾ ചെറുകിട വ്യാപാരികൾ സംരക്ഷിക്കപ്പെടുകയും, ബിൽസ് അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുകയും തന്മൂലം സർക്കാരിലേക്ക് നികുതിയിനത്തിൽ വരുമാനനേട്ടവും സൃഷ്ടിക്കും.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുമ്പോൾ ടാക്സ് പ്രൊഫഷണലുകൾക്ക് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ സ്വീകാര്യതയും ഉറപ്പാക്കുമെന്നതിൽ സംശയമില്ല.

---

## ആദായനികുതി ബിൽ

# ഏത് അക്കൗണ്ടുകളും പരിശോധിക്കാം

**ട്രേഡിങ് അക്കൗണ്ടുകൾ, സാമൂഹിക മാധ്യമ പ്രൊഫൈലുകൾ എന്നിവ പരിധിയിൽ**

പുതിയ ആദായ നികുതി ബില്ലിൽ സ്വകാര്യഡിജിറ്റൽ അക്കൗണ്ടുകളും പരിശോധിക്കാം. ബില്ലിലെ 247-ാം അനുച്ഛേദത്തിലാണ് ഇതിനുള്ള അനുവാദം ആദായനികുതി ഉദ്യോഗസ്ഥർക്ക് നൽകുന്നത്.

കോടതിയുടെ അനുമതിയോടെ മാത്രമേ നിലവിൽ വ്യക്തികളുടെ ഇ-മെയിലുകളും മറ്റും പരിശോധിക്കാൻ ആദായനികുതി ഉദ്യോഗസ്ഥർക്ക് അനുവാദമുള്ളൂ. എന്നാൽ, പുതിയ ബില്ലിൽ ഇമെയിൽ, ട്രേഡിങ് അക്കൗണ്ടുകൾ, സാമൂഹികമാധ്യമ പ്രൊഫൈലുകൾ എന്നിവ നികുതി സംബന്ധമായ കേസന്വേഷണത്തിന്റെ ഭാഗമായി സ്വമേധയാ പരിശോധിക്കാം.

ഡിജിറ്റൽ അക്കൗണ്ടുകൾ പരിശോധിക്കാൻ അനുവാദം നൽകുന്നതിൽ വ്യാപക എതിർപ്പുയർന്നു. ബില്ലിന്മേൽ പാർലമെന്റിന്റെ സെലക്ട് കമ്മിറ്റി നടത്തിയ തെളിവെടുപ്പിൽ വ്യക്തികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റത്തിൽ സ്ഥാപനങ്ങൾ ആശങ്കയുയർത്തി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ, ഏണസ്റ്റ് ആൻഡ് യങ് എന്നീ സ്ഥാപനങ്ങളാണ് തെളിവെടുപ്പിൽ പങ്കെടുത്തത്. ബില്ലിന്റെ പൊതുലക്ഷ്യത്തോട് ഇരുസ്ഥാപനങ്ങളും യോജിച്ചു.●




www.adithyacatering.com
ആഘോഷങ്ങൾ ഇനി
ആദിത്യ
യോടൊപ്പം
Live Food Arrangement
Veg-Non Veg Dishes
Stage & Light Decorations
Live Juice Bar Setting
Cocktail & Mocktail Parties
Thattukada, Carving
Baloon Decoration
Fresh Flower Arrangement
adithya
CATERINGS
94471 38728 | 97442 54743 | 94978 22477
Adithya Catering, Parathanath food company, Koodappulam


ആധാറും 4G ഫോണുമായി സാംസംഗ് കമ്പനി ഷോറൂമിൽ വരൂ...
5G ഫോണുമായി മടങ്ങൂ...
SAMSUNG MOBILE COMPANY
AUTHORISED SHOWROOM
NEAR MK FABRICS
Opp.Padma Hotel, Main Road
Chinnakada, Kollam
PH: 93 888 555 44 - 82 899 770 00 - 93 490 223 33
EXCHANGE OFFER
ACCESSORIES
OPEN ALL SUNDAYS


Manuelsons Malabar Palace ,
The first four star Hotel in Malabar ,
Welcomes you to our newly renovated
Banquet Hall Kunhali Marakkar and
Lawn for your "precious moments" .
Malabar Palace
Manuelsons Jn.,
G.H.Road, Calicut-1
WWW.manuelsonsmalabarpalace.com
rooms@manuelsonsmalabarpalace.com
Mob: 8593884499, 9496890980


STERLING
THANIMA
The Real Blend of Kerala
For Trade Enquiries
STERLING
COCONUT OILS & CAKES (P) LTD
A QUALITY PRODUCT OF RAPHAEL & SONS
Cherpu, Thrissur, Kerala, India.
AGMARK
COCONUT
OIL
9947372120
0487 - 2342337, 2342246, 2346637
thanimacoconutoil@gmail.com
www.thanimacoconutoil.in

# ഭിന്നതനീക്കി ഒരുമിച്ച്പോകാൻ സ്വർണവ്യാപാരി സംഘടനയുടെ ശ്രമം





ഓൾകേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസ്സോസി യേഷൻ ചെയർമാൻ ബി. ഗോവിന്ദൻ, പ്രസിഡന്റ് ജസ്റ്റിൻ പാലത്ര, ജനറൽ സെക്രട്ടറി കെ.എം. ജലീൽ

രണ്ടു വിഭാഗമായി പ്രവർത്തിച്ചുവരുന്ന ഓൾകേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസ്സോസിയേഷൻ ഇനി ഒറ്റ സംഘടന. ഇരുവിഭാഗവും തമ്മിലുള്ള പ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹരിച്ചെന്നും ചെറുകിട വ്യാപാരികൾക്കു വേണ്ടി ഒറ്റ സംഘടനയായി യോജിച്ചു പോകാനാണു തീരുമാനമെന്നും സംഘടനയുടെ പുതിയ ചെയർമാനും ഭീമ ഗ്രൂപ്പ് ചെയർമാനുമായ ബി. ഗോവിന്ദൻ പറഞ്ഞു.

ജസ്റ്റിൻ പാലത്ര (പ്രസിഡന്റ്), കെ.എം. ജലീൽ പാലക്കാട് (ജന.സെക്രട്ടറി), ബിന്ദു മാധവ് ഭീമ കൊച്ചി (ട്രഷ), ബി. ഗിരിരാജൻ കോഴിക്കോട് ഭീമ, ഐ. ഇസ്മയിൽ കുട്ടി ഹാജി കായംകുളം (രക്ഷാധികാരി) എന്നിവരാണ് പുതിയ ഭാരവാഹികൾ.

സ്വർണവില വർധന, അന്യായമായ പോലീസ് റിക്കവറി, ഇ-വേബില്‍ പരിധി തുടങ്ങിയ വിഷയങ്ങളിൽ ചെറുകിട സ്വർണവ്യാപാരികളുടെ നിലനിൽപ്പ് തന്നെ പ്രതിസന്ധിയിലാക്കുന്ന സാഹചര്യത്തിലാണ് ഇരുവിഭാഗവും ചർച്ച നടത്തി ലയനം പൂർത്തിയാക്കിയതെന്ന് പ്രസിഡന്റ് ജസ്റ്റിൻ പാലത്ര പറഞ്ഞു. നിലവിലുള്ള അവകാശത്തർക്ക കേസുകൾ പിൻവലിക്കുമെന്നും ഏപ്രിലിൽ സംസ്ഥാനത്തെ ജ്വല്ലറി ഉടമകളുടെ സംസ്ഥാന സമ്മേളനം സംഘടിപ്പിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു. ഇനി കേരളത്തിൽ എ.കെ.ജി.എസ്.എം.എ സ്വർണഭവൻ എന്ന പേരിൽ സ്വർണത്തിന് ഒറ്റവിലയാകും ഉണ്ടാവുക. ഇന്ത്യയൊട്ടാകെ ഒറ്റ സ്വർണവില എന്ന ലക്ഷ്യം നടപ്പാക്കാനുള്ള ശ്രമങ്ങൾ തുടരുമെന്നും ഭാരവാഹികൾ വ്യക്തിമാക്കി.

ആർ. പരമേശ്വരൻ പിള്ള, ഭീമാ ഭട്ടർ, പി.ടി ചെറിയാൻ എന്നിവരുടെ നേതൃത്വത്തിൽ 1945 ൽ ആണ് സ്വർണ വ്യാപാരികളുടെ സംഘടനയായ ഓൾകേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസ്സോസിയേഷൻ രൂപീകരിക്കുന്നത്. അഭിപ്രായവ്യത്യാസത്തെ തുടർന്ന് 2013 മുതൽ അസ്സോസിയേഷൻ ഇരു വിഭാഗമായി പ്രവർത്തിക്കുകയായിരുന്നു.

## വിമതരെ പുറത്താക്കിയെന്ന്

ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷന്റെ (എ.കെ.ജി.എസ്.എം.എ.) തീരുമാനങ്ങൾക്കെതിരേ പ്രവർത്തിച്ച ഐമു, എസ്. അബ്ദുൽ നാസർ, കൊടുവള്ളി സുരേന്ദ്രൻ, കൃഷ്ണദാസ് എന്നിവരെ സംഘടനയിൽനിന്ന് പുറത്താക്കി. അസോസിയേഷൻ സംസ്ഥാന ചെയർമാൻ ബി. ഗോവിന്ദനാണ് ഇക്കാര്യം അറിയിച്ചത്.

ലയനത്തെ അംഗീകരിക്കാത്തവരെയാണ് ഇപ്പോൾ സംഘടനയിൽ നിന്ന് പുറത്താക്കിയിരിക്കുന്നത്. ഇവർ അവതരിപ്പിക്കുന്ന സ്വർണവിലകൾക്കോ, മറ്റ് ഇടപാടുകൾക്കോ അസോസിയേഷനുമായി യാതൊരുബന്ധവും ഇല്ലെന്നും സ്വർണവ്യാപാരികൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്ന് ബി. ഗോവിന്ദൻ പറഞ്ഞു

---

### ജി.എസ്.ടി ഒറ്റത്തവണ തീർപ്പാക്കൽ..

(23-ാം പേജിൽ നിന്ന് തുടർച്ച)

## ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരുത്തുന്നതിനുള്ള നടപടിക്രമം

2017-18 മുതലുള്ള നാല് സാമ്പത്തിക വർഷങ്ങളിലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച് നികുതി അടയ്ക്കാനുള്ള അവസാന തീയതി 2021 നവംബർ 30 എന്ന് പുനർ നിശ്ചയിച്ചിട്ടുണ്ട്. ഈ ഭേദഗതി നിലവിൽ വരുന്നതിനു മുമ്പ് സമയപരിധി കഴിഞ്ഞ ശേഷം ഇങ്ങനെ ചെയ്തതിനാൽ, ചിലർക്ക് ഡിമാൻഡ് നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. ഇതിനെതിരെ പലരും അപ്പീലുകളും ഫയൽ ചെയ്തിട്ടുണ്ട്.

ഇത്തരക്കാർക്ക് ജി.എസ്.ടി പോർട്ടലിൽ തെറ്റ് തിരുത്തൽ അപേക്ഷ 2025 മാർച്ച് മാസത്തിനുള്ളിൽ ഓൺലൈനായി സമർപ്പിച്ച് അത്തരം കേസുകളിൽ നിന്ന് പൂർണ്ണമായും മുക്തി നേടാവുന്നതാണ്. സമയപരിധി ലംഘടത്തിനുള്ള ഡിമാൻഡുകൾക്കു മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

*(ജി.എസ്.ടി നിയമവിദഗ്ധനായ ലേഖകൻ കേരള ഹൈക്കോടതിയിലെ അഭിഭാഷകനാണ്. അഭിപ്രായങ്ങൾ വ്യക്തിപരം)*


CITY GOLD™
GOLD & DIAMONDS
THE GLOW OF PURITY
Trusted Gold, Timeless Beauty
TRUST
BIS 916 HUID Hallmark
Free Lifetime Maintenance
Quality Service
Guaranteed Buyback
Advance Booking Scheme
0% Loss On Exchange
KERALA & KARNATAKA
City Gold Kids Jewellery Press Club Jn. Kasaragod 049 9423 1895
M.G. Road, Kasaragod 049 9422 5095, 220916 +91 9995 404 030
SR Shoppers, Cheruvathur +91 9447 569 916
City Gold & Diamonds Jn. Main Road, Uppala +91 9400 110 094
Main Road, Puttur +91 9895 766 789
Bypass Road Kankanady, Mangalore +91 9995 483 444
UAE
Opp. RAK Bank, Gold Souq Extension, Dubai +971 4 257 9660 | +971 55 712 3005


കവുങ്ങിൽ ആൾ കയറാതെ അടക്ക പറിക്കാനും
മരുന്ന് തളിക്കാനുമുള്ള യന്ത്രം
വണ്ടർ ക്ലൈംബർ WONDER CLIMBER
(Patented)
കാലുകൊണ്ട് പെഡൽ ചവിട്ടി നാളികേരം അനായാസം പൊതിക്കുന്നതിനുള്ള യന്ത്രം
കേര കിക്കർ
KERA KICKER
(Patent Pending)
വൈദ്യുതിയോ ഇന്ധനമോ ഇല്ലാതെ സുരക്ഷിതമായും വേഗത്തിലും നാളികേരം ഉടച്ചെടുക്കാനുള്ള യന്ത്രം
കേരഷെൽ ബ്രെയ്ക്കർ
KERA SHELL BREAKER
(Patent Pending)
നിർമ്മാതാക്കൾ:
പ്രകാടെക്ക്
PRAKATECH
18/638A, മായനാട് പി. ഒ., കോഴിക്കോട്- 673008, കേരളം.
Email: prakatech@yahoo.com Visit: www.prakatech.com
18/638A, MAYANAD (PO), KOZHIKODE (DST) - 673008, KERALA.
Call: 9745 44 24 19, 9995 11 10 45

# കാലാവധിക്കുമുൻപ് വായ്പ അടച്ചുതീർത്താൽ പിഴ പാടില്ല; കരടുവിജ്ഞാപനമായി

**പ്രത്യേക പലിശ സംവിധാനത്തിലുള്ള വായ്പകളിൽ വായ്പ അടച്ചുതീർക്കുന്ന സമയത്ത് ഏതുരീതിയാണ് നിലവിലുള്ളതെന്നത് അനുസരിച്ചാകും ഫീസ് ബാധകമാകുക**

വായ്പയെടുത്തിട്ടുള്ളവർക്ക് ഏറെ ആശ്വാസമാകുന്ന നടപടിയുമായി റിസർവ്ബാങ്ക്. വായ്പകൾ കാലാവധിയെത്തുംമുൻപ് അടച്ചുതീർത്താൽ അതിനുമേൽ പ്രീ-പേമെന്റ് പിഴയോ മറ്റുഫീസുകളോ ഈടാക്കാൻപാടില്ലെന്ന് ആർ.ബി.ഐ. 2024 ഒക്ടോബർ ഒൻപതിലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച നിർദേശത്തിന്റെ കരടുവിജ്ഞാപനം ആർ.ബി.ഐ.പുറത്തിറക്കി. പലിശനിരക്ക് മാറിക്കൊണ്ടിരിക്കുന്ന ഫ്ളോട്ടിങ് രീതിയിലുള്ള വായ്പകൾക്കാണ് ഇതുബാധകമാകുക.

വ്യക്തിഗതവായ്പകൾക്കും ചെറുസംരംഭകവായ്പകൾക്കും ഉൾപ്പെടെയാണ് മാർഗനിർദേശം. റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽവരുന്ന എല്ലാ സാമ്പത്തികസ്ഥാപനങ്ങൾക്കും ഇതുബാധകമാണ്. വിജ്ഞാപനത്തിൽ മാർച്ച് 21 വരെ ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും നിർദേശങ്ങൾ സമർപ്പിക്കാം. ഇതുകൂടി പരിശോധിച്ചശേഷമാകും ഉത്തരവ് നടപ്പാക്കുക.

സൂക്ഷ്മ, ചെറുകിടസംരംഭങ്ങൾക്ക് ചെലവുകുറഞ്ഞരീതിയിൽ വായ്പകൾ ലഭിക്കേണ്ടത് ഏറെ പ്രധാനമാണെന്ന് ആർ.ബി.ഐ. പറയുന്നു. ചെറുകിടസംരംഭങ്ങളുടെ വായ്പകൾ കാലാവധിയെത്തുംമുൻപ് അടച്ചുതീർക്കുന്നതിന് വായ്പാസ്ഥാപനങ്ങൾ പ്രീപേമെന്റ് പിഴ ചുമത്തുന്നത് തർക്കങ്ങൾക്കും പരാതികൾക്കും ഇടയാക്കുന്നുണ്ട്. ഇതുമൂലം കുറഞ്ഞ പലിശയുള്ള സ്ഥാപനങ്ങളിലേക്ക് വായ് പമാറ്റുന്നതിന് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. ഇത്തരം ഫീസ് ബാധകമാണെങ്കിൽ വായ്പയുമായി ബന്ധപ്പെട്ട കരാറിൽ ഇതുസംബന്ധിച്ച നിബന്ധനകൾ ധനകാര്യസ്ഥാപനങ്ങൾ കൃത്യമായി കാണിച്ചിരിക്കണം. ആർ. ബി.ഐ. നിയന്ത്രണത്തിലുള്ള ടിയർ 1, ടിയർ 2 അർബൻ സഹകരണ ബാങ്കുകളുടെയും ബേസ് ലേയറിൽ ഉൾപ്പെടുന്ന ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പകളിലും പുതിയനിർദേശം ബാധകമായിരിക്കും. ചെറുകിടസംരംഭകർക്ക് 7.5 കോടി രൂപ വരെയുള്ള വായ്പകൾക്കാണ് നിബന്ധന ബാധകമാകുക.

സ്ഥിരപലിശയും ഫ്ളോട്ടിങ് നിരക്കും ഉൾപ്പെടുത്തിയുള്ള പ്രത്യേക പലിശ സംവിധാനത്തിലുള്ള വായ് പകളിൽ വായ്പ അടച്ചുതീർക്കുന്ന സമയത്ത് ഏതുരീതിയാണ് നിലവിലുള്ളതെന്നതനുസരിച്ചാകും ഫീസ് ബാധകമാകുക. ഫ്ളോട്ടിങ് നിരക്ക് നിലവിലുള്ളപ്പോഴാണ് അടച്ചു തീർക്കുന്നതെങ്കിൽ പിഴയും ഫീസും ഈടാക്കാൻ പാടില്ല. വായ്പകൾ മുൻകൂർ തീർക്കുമ്പോൾ ഈടാക്കുന്ന പിഴയും ഫീസും അവശേഷിക്കുന്ന തുകയുടെ അടിസ്ഥാനത്തിലായിരിക്കണം കണക്കാക്കേണ്ടത്.

കുറഞ്ഞപലിശയുള്ള സ്ഥാപനങ്ങളിലേക്ക് വായ്പ അധികച്ചെലവു കൂടാതെ എളുപ്പത്തിൽ മാറ്റാനാകുമെന്നതാണ് ഉപഭോക്താക്കളെ സംബന്ധിച്ച് ഇതുവഴിയുള്ള പ്രധാന നേട്ടം. അതേസമയം, വായ്പാസ്ഥാപനങ്ങൾക്ക് ഫീസിനത്തിലുള്ള വരുമാനം കുറയാൻ ഇതുകാരണമായേക്കാം. ബാങ്കുകളെക്കാൾ ബാങ്കിതര ധനകാര്യസ്ഥാപനങ്ങളെയാകും ഇതു കൂടുതൽ ബാധിക്കുക. ഭവന വായ്പകൾ നേരത്തേ തീർപ്പാക്കുന്നതിന് ഫീസോ പിഴയോ പാടില്ലെന്ന് നേരത്തേ തന്നെ നിർദേശമുണ്ട്. അതുകൊണ്ട് ഭവനവായ്പാകമ്പനികളെയും ഭവനവായ്പ നൽകുന്ന എൻ.ബി.എഫ്.സി.കളെയും ബാങ്കുകളെയും ഇതു ബാധിക്കില്ല.●

**“ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച നിർദേശത്തിന്റെ കരടുവിജ്ഞാപനം ആർ. ബി. ഐ. പുറത്തിറക്കി**

## റിട്ട. ജി.എസ്.ടി ഇൻസ്പെക്ടർ ജയലക്ഷ്മി അന്തരിച്ചു



കണ്ണൂർ ജില്ലയിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്തിരുന്ന ജയലക്ഷ്മി എല്ലാവരുടേയും സ്നേഹാദരങ്ങൾ നേടിയ സഹോദരിയായിരുന്നു.

## റിട്ട. സെയിൽസ് ടാക്സ് ഓഫീസർ സഖറിയസ്കറിയ അന്തരിച്ചു



റിട്ട. സെയിൽസ് ടാക്സ് ഓഫീസറായിരുന്ന മണർകാട് എരുമപെട്ടി കുന്നത്തേട്ട് സഖറിയാ സ്കറിയ (പാപ്പൂട്ടൻ, 78) വയസ്സ് നിര്യാതനായി.

സുഹൃത്തുക്കളും ബന്ധുക്കളും മുൻസഹപ്രവർ ത്തകരുമടക്കം ഒട്ടേറെയാളുകൾ സംസ്കാര ചടങ്ങുകളിൽ പങ്കെടുത്തു

# GST നിരക്കുകൾ ഏകീകരിക്കുന്നു



ചരക്ക് സേവനനികുതി (ജി.എസ്.ടി) നിരക്കുകൾ ഏകീകരിക്കാൻ കേന്ദ്ര സർക്കാർ ഒരുങ്ങുന്നു. നിലവിലുള്ള ജി.എസ്.ടി നിരക്കുകൾ പരിശോധിച്ച് അധികനികുതി ഈടാക്കുന്ന മേഖലകളിൽ ഉപഭോക്താക്കൾക്ക് ആശ്വാസം പകരുമെന്ന് ധനമന്ത്രി നിർമ്മലസീതാരാമൻ വ്യക്തമാക്കി. നിരക്കുകളിൽ മാറ്റംവരുത്തുന്നതിനായി വിപുലമായ നിർദ്ദേശങ്ങളാണ് ജി.എസ്.ടി കൗൺസിൽ ധനമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. ചില മേഖലകളിൽ നികുതികുറയ്ക്കാനും മറ്റിടങ്ങളിൽ നിരക്ക് ഏകീകരിക്കാനും അടക്കമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് അടുത്ത ജി.എസ്.ടി കൗൺസിലിൽ അന്തിമതീരുമാനമുണ്ടാകുമെന്നും നിർമ്മലാ സീതാരാമൻ വ്യക്തമാക്കി.

# ജി.എസ്.ടി. അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് നിയമനം



എം.എസ്. സനക്ക്,



എസ്. ആശാറാണി

കേരളത്തിലെ ജി.എസ്.ടി. വകുപ്പ് ഉദ്യോഗസ്ഥരായ എം. എസ് സനക്ക്, എസ്. ആശാറാണി എന്നിവർക്ക് പുതുതായി രൂപവത്കരിച്ച ജി.എസ്.ടി. അപ്പേലറ്റ് ട്രിബ്യൂണലിൽ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനം ലഭിച്ചു.

നിലവിൽ സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ ഓഡിറ്റ് ഓഫീസറായ സനക്കിനെ അപ്പേലറ്റ് ട്രിബ്യൂണലിന്റെ കോയമ്പത്തൂർ ബെഞ്ചിലേക്കും ഡെപ്യൂട്ടി ഓഡിറ്റ് ഓഫീസറായ ആശാറാണിയെ തിരുവനന്തപുരം ബ്രാഞ്ചിലേക്കുമാണ് നിയമിച്ചത്.

രാജ്യവ്യാപകമായി ജി.എസ്.ടിഅപ്പേലറ്റ് ട്രിബ്യൂണലുകൾ പ്രവർത്തനമാരംഭിക്കുന്നതിന്റെ ഭാഗമായാണ് നിയമനം

# ശ്വസിക്കുന്ന ഇൻസുലിൻ ഇന്ത്യയിലും

**നിരവധിതവണ കുത്തിവയ്പ്പ് എടുക്കുന്നവർക്ക് മാത്രമല്ല, ഓട്ടോമാറ്റഡ് ഡിവൈസ് ഉപയോഗിക്കുന്നവർക്കും ആശ്വാസമാകും.**

*ഡോ.ജ്യോതിദേവ് കേശവദേവ്, പ്രമേഹചികിത്സാ വിദഗ്ദ്ധൻ*

ഇൻസുലിൻ കുത്തിവയ്ക്കുന്നത് ഓർത്ത് ആധിവേണ്ട. സിറിഞ്ചും നീഡിലും ഉപേക്ഷിക്കാം. കുട്ടികൾക്കും മുതിർന്നവർക്കും വായിലൂടെ ഇൻസുലിൻ ശ്വസിച്ചാൽ മതി. അതിനുള്ള ഇൻഹേലർ ഈ വർഷം തന്നെ ആശുപത്രികളിലും മെഡിക്കൽ സ്റ്റോറുകളിലും ലഭ്യമാവും.

അമേരിക്കയിലെ മാൻകൈൻഡ് കോർപ്പറേഷൻ വികസിപ്പിച്ച ഇൻസുലിൻ ഇൻഹേലർ അഫ്രെസ്സയ്ക്ക് ഇന്ത്യയിലും അനുമതിയായി. മൾട്ടിനാഷണൽ ഫാർമസ്യൂട്ടിക്കൽ കമ്പനിയായ സിപ്ലയാണ് ഇന്ത്യയിൽ നിർമ്മിക്കുന്നതും വില്പന നടത്തുന്നതും. വില പുറത്തുവിട്ടിട്ടില്ല. അമേരിക്കയിൽ 2014ലാണ് അംഗീകാരം ലഭിച്ചത്.

**3.51** കോടി കേരളത്തിലെ ജനസംഖ്യ

**1.52** കോടി (43.5%)

പ്രമേഹ ബാധിതർ (ഐ.സി.എം.ആർ.കണക്ക്)

## പൗഡർ ഇൻഹേലറിലേക്ക്



- മൂന്നുയൂണിറ്റ് കുത്തിവയ്പ് എടുക്കുന്നവർക്ക് ഇതിൽ ആറ് ഡോസ് വേണ്ടിവരും. അതനുസരിച്ച് പൗഡർ കാട്രിഡ്ജ് ഇൻഹേലറിൽ വയ്ക്കണം.
- മരുന്ന് ശരീരത്തിലെത്തിയാൽ 15 മിനിട്ടിനുള്ളിൽ പ്രവർത്തിക്കും. മൂന്നു മണിക്കൂറിനുള്ളിൽ രക്തത്തിൽ നിന്ന് ഇൻസുലിൻ അപ്രത്യക്ഷമായും
- ഭക്ഷണത്തിനുശേഷം രക്തത്തിലെ പഞ്ചസാര പെട്ടെന്ന് കുറയുന്ന ഹൈപ്പോ ഗ്ലൈസീമിയ എന്ന അവസ്ഥ മാറും.
- ഇൻസുലിൻ എടുക്കുന്നവർക്ക് ഭാരം കൂടുന്ന അവസ്ഥയും ഉണ്ടാകില്ല.

ISO 9001: 2015 CERTIFIED | NABH ACCREDITED

Happy 5 Generations.

# Five Generations of LOVE & CARE.



**PRS HOSPITAL®**

CARE LIKE ONLY A MOTHER CAN GIVE

Killipalam, Thiruvananthapuram | T: 0471 2344443 / 4073333
E: admin@prshospital.com | prshospital.com | Emergency Service: 9497 247 365

SALES TAX VOICE
Monthly
Published on 30th **MARCH 2025**

March 2025 Vol:35 Issue - 3

RNI: No. 44765/90 (REVISED)

PRICE RS. 25/-




Printed & Published by P. Purushothaman on behalf of Kerala State Agricultural Income Tax & Sales Tax Departmental Staff Association and Printed at MANGALAM PUBLICATIONS (INDIA) PVT.LTD., Building No.270, Ward No.VI, SH Mount.P.O., Kottayam, Kerala-686006 and Published by General Secretary, Agricultural Income Tax & Sales Tax Departmental Staff Association, House No.VIII/342, Pattithanam, Ettumanoor, Kottayam, Kerala-686631.

**Editor:** **P.Purushothaman.**